മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

2006
ജൂൺ

Rs. 7

# മലങ്കരസഭ

MALANKARASABHA



പ. ബാവാ തിരുമേനി ബേത്‌ലഹേമിലെ നേറ്റിവിറ്റി പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുന്നു



കോപ്റ്റിക് ഓർത്തഡോക്സ് പാത്രിയർക്കീസ് പോപ്പ് ഷെനൂഡാ തൃതീയൻ ഈജിപ്റ്റിൽ പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായെ സ്വീകരിച്ചപ്പോൾ

## സ്ക്കൂളിലേക്ക്...



വിദ്യാധനത്തിന്റെ ഭാണ്ഡവും,
സൗഹൃദത്തിന്റെ ഉല്ലാസങ്ങളും ഒരുമിച്ചു
കൂട്ടി ഇടവപ്പാതിയുടെ കുളിർമയിൽ
സ്ക്കൂളിലേക്ക്...

കരച്ചിൽ, പിടിവാശി, ചൂരൽ, പേടി, പരീക്ഷ...
ഒരു അധ്യയന വർഷം കൂടി...



ആധുനിക വൈദ്യശാസ്ത്രം ഉപേക്ഷിച്ചിട്ടും പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ കുഞ്ഞന്നത്തിന് സൗഖ്യവും ഞങ്ങൾക്ക് ദൃഢ വിശ്വാസവും പ്രത്യാശ ശക്തിയും അതുല്യ ജീവിത വിജയവും ലഭിച്ചു. 35 വർഷം ഗവൺമെന്റ് സർവ്വീസും 55 വർഷം സൺഡേ സ്ക്കൂൾ സർവ്വീസും പൂർത്തിയാക്കിയ ഞങ്ങളുടെ 75 വയസ്സ് തികഞ്ഞ ഈ അവസരത്തിൽ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയാൽ ലഭിച്ച കൃപകൾക്ക് നന്ദി.

**T. V. Varghese** (Rtd. Deputy Director of Edn.)

**&**

**Kunjanam** (Rtd. Incom Tax Officer)

**THRISSUR**

## വിവാഹിതരായി



പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽപ്പെട്ട കുന്നുംപുറത്ത് ബഥേലിൽ ജെ. ഉണ്ണൂണ്ണി ഏബ്രഹാമിന്റെയും ഏലിയാമ്മയുടെയും മകൻ ഐസൺ ഏബ്രഹാമും, തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളിയിൽ പടിഞ്ഞാറ്റുകര വീട്ടിൽ പി. ജെ. ഇട്ടികുഞ്ഞിന്റെയും സൂസൻ പി. ഇട്ടികുഞ്ഞിന്റെയും മകൾ എലിസബത്തും തമ്മിലുള്ള വിവാഹം, അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ മാക്കാംകുന്ന് കത്തീഡ്രലിൽ വച്ചു നടത്തപ്പെട്ടു.


# മലങ്കരസഭ

ലക്കം 6, പുസ്തകം 62

ജൂൺ, 2006





### പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone (Off)0468- 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0487 - 2371039, 2371748 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0468 - 3951387 (Res.)
Mob:-9447300908

**സബ് എഡിറ്റർ**
ഫാ. തോമസ് പി. മുകളിൽ
ഫോൺ: 0474 - 2651790 (Res.)
Mob:-9447421948

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)



**വരിസംഖ്യ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റ പ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


## ഉൾത്തുടിപ്പുകൾ

CONTENTS


**എഡിറ്റോറിയൽ**

4 ജനത്തിന്റെ വിജയത്തെ കവരരുത്...
- ഫാ. ഡോ. ജോൺ പണിക്കർ

5 **മഹാപുരോഹിത സന്ദേശം**

**ലേഖനങ്ങൾ**

9 ചിത്രം, വിചിത്രം
- ഫാ. ഏബ്രഹാം തരകൻ, ആലുംമൂട്ടിൽ

11 Everything Just A Vanity
- Kuruvilla M. Peter, Mattackal

19 വേണം സെമിനാരിക്കൊരു മാസ്റ്റർ പ്ലാൻ
- എം. കുര്യൻ തോമസ്

37 ജനവൽക്കരണത്തിന്റെ ദൈവ ശാസ്ത്രം
- ഫാ. വർഗീസ് വർഗീസ്

**അഭിമുഖം**

18 എഴുപത്തിയഞ്ചിന്റെ നിറവിൽ മാർ യൗസേബിയോസ്
- ഫാ. തോമസ് പി. മുകളിൽ

**കാലികം**

6 ഡാൻ ബ്രൗണിനെ ഡീ കോഡ് ചെയ്യുമ്പോൾ
- ഫാ. ബിജു പി. തോമസ്, ന്യൂഡൽഹി

14 ദൈവം സ്ത്രീകൾക്ക് നൽകിയ ഉന്നത സ്ഥാനത്തിന്.....
- മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്ത

**കവിത**

30 **SELAH - FEEL THE MYSTERY**
- Anup Joseph Eapen

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, വിശ്വാസപാഠം, മലങ്കര സഭയുടെ ആരാധനാ പാരമ്പര്യം, ചരിത്ര ലേഖനങ്ങൾ, ബൈബിൾ പദപ്രശ്നം, ബുദ്ധിമാൻ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
Fax : +91 481 2573234

## എഡിറ്റോറിയൽ

# ജനത്തിന്റെ വിജയത്തെ കവരരുത്...

ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കിയ ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിന്റെ ഭരണചുമതല ഏറ്റെടുത്തിരിക്കുകയാണ്. തെരഞ്ഞെടുപ്പ് എന്ന പദത്തിന് 'വിവേകപൂർവ്വമായത്' എന്നൊരു അദൃശ്യമായ അർത്ഥം കൂടിയുണ്ടെന്നാണ് കേരള ജനത ഏറ്റവും ഒടുവിൽ രേഖപ്പെടുത്തിയ സമ്മതിദാനാവകാശം നൽകുന്ന ചിത്രം. ജനതയുടെ ജനാധിപത്യ ബോധവും രാഷ്ട്രീയ ഇച്ഛാശക്തിയും വെളിപ്പെട്ടിരിക്കുന്ന ഈ പശ്ചാത്തലത്തെ സഗൗരവം തന്നെയായിരിക്കും കക്ഷിഭേദമെന്യേ രാഷ്ട്രീയ നേതാക്കൾ ഉൾക്കൊണ്ടിരിക്കുന്നത്. നിഷ്പക്ഷമതിയും കർക്കശക്കാരനുമായ ഒരു ന്യായാധിപൻ നടത്തുന്ന വിധികല്പനപോലെയുള്ള ജനത്തിന്റെ തീരുമാനവും പ്രബുദ്ധതയും അംഗീകരിക്കുവാൻ ഇനിയെങ്കിലും തയ്യാറാകുന്നത് ഉചിതമായിരിക്കും.

തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയ വിജയവും പരാജയവും സാധാരണമാണെങ്കിലും ജനം നൽകുന്ന അടി കുറിക്കുകൊണ്ടാലേ ചില നേതാക്കൻമാർ പഠിക്കുകയുള്ളൂ എന്ന് ഇപ്പോൾ വ്യക്തമായി. പാർലമെന്ററി പ്രവർത്തനത്തിൽ ഏറെ വിജയഗാഥകൾ രചിച്ച ചില നേതാക്കളുടെ പരാജയം ഈ തെരഞ്ഞെടുപ്പിലെ പ്രധാന ദുരന്തമാണ്. ഇനിയുമൊരു അങ്കത്തിനിറങ്ങാതെ അടുത്ത തലമുറയിലേക്ക് ആയുധം കൈമാറുന്ന ഔചിത്യം അല്പമെങ്കിലും കാണിച്ചിരുന്നുവെങ്കിലും അവരൊക്കെ ഇപ്പോഴും കേരളജനതയുടെ മനസ്സിൽ തിളങ്ങി നിൽക്കുമായിരുന്നു. രാഷ്ട്രീയത്തിൽ ആരും അനിവാര്യരല്ല എന്ന സത്യം ഒരിക്കലും വിസ്മരിക്കരുത്.

കേരളത്തിൽ രാഷ്ട്രീയബോധവും ആദർശങ്ങളെക്കുറിച്ച് വ്യക്തമായ സങ്കൽപ്പങ്ങളും ഉണ്ട്. അതിനെ വെല്ലുവിളിക്കുന്ന അവിശുദ്ധ പ്രവണതകളോട് അവർ ശക്തമായി പ്രതികരിക്കും. സമീപകാലത്ത് നിർമ്മിച്ചെടുത്ത ചില സഖ്യങ്ങൾ അത്യാഗ്രഹങ്ങളുടെ കൂട്ടുകെട്ടായിരുന്നുവെന്ന തിരിച്ചറിവിലൂടെ ജനം പ്രതികരിച്ചു. 'അതിമോഹം ചക്രം ചവിട്ടും' എന്ന് ജനം നേതാക്കളെ പഠിപ്പിച്ചു.

സാമൂഹ്യനീതിയാണ് ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയം. നന്മയെയും തിന്മയെയും ഒരുപോലെ പ്രീണിപ്പിച്ചു ഭരണം നടത്തും എന്ന ധാരണ കേരളജനതയുടെ നീതിബോധം അംഗീകരിക്കുന്നതല്ല. സ്ത്രീപീഡന കേസുകളും അഴിമതിക്കഥകളുമൊക്കെ മായം ചേർക്കാതെ അന്വേഷിച്ചിരുന്നുവെങ്കിൽ കള്ളന്മാരെ എടുത്തെറിഞ്ഞ ശേഷം കപ്പലിനെ മുങ്ങാതെ രക്ഷിക്കാമായിരുന്നു. മലങ്കരസഭാ കേസുകളിൽ പ്രഖ്യാപിക്കപ്പെട്ട കോടതിവിധികൾ യഥാവിധി നടപ്പിലാക്കുന്നതിലെ അലംഭാവം തെരഞ്ഞെടുപ്പു ഫലങ്ങളിൽ പ്രതിഫലിച്ചുവെന്നത് വ്യക്തമാണ്. വടക്കൻ പ്രദേശങ്ങളിൽ സഭയിലെ വിഘടിത വിഭാഗം നിർണ്ണായക ശക്തിയാണെന്ന് കരുതിയവർക്ക് തെറ്റി. സഭാസമാധാനം കാംക്ഷിക്കുന്ന നീതിബോധമുള്ള വിശ്വാസികൾ വിവേകത്തോടെ പ്രവർത്തിച്ചത് വിലകുറഞ്ഞ രാഷ്ട്രീയക്കളികൾക്ക് തിരിച്ചടിയായി.

ഇത് ജയിച്ചവർക്കും തോറ്റവർക്കും ഉള്ള മുന്നറിയിപ്പാണ്. ജയിച്ചവർ അഞ്ചുവർഷം മുമ്പ് കേരളത്തിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ, കാര്യം വിസ്മരിക്കരുത്. ജനത്തെ വിസ്മരിച്ചുകൊണ്ട് ആരുഭരിച്ചാലും രാഷ്ട്രീയ ലാഭങ്ങൾക്കപ്പുറത്ത് നീതി തേടുന്ന ജനം തക്കസമയത്ത് പ്രതികരിക്കും എന്ന സത്യം ചുമതലയേറ്റവർ നിരന്തരം ഓർമ്മിക്കണം. രാഷ്ട്രീയത്തിന്റെ സമൂലമായ ഉദ്ഗ്രഥനം ലക്ഷ്യമാക്കി ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുവാൻ പുതിയ സർക്കാർ ശ്രദ്ധിക്കട്ടെ!

നവഭരണത്തിന്റെ തുടക്കവും പ്രഖ്യാപനങ്ങളും പ്രശംസനീയമായിരുന്നുവെങ്കിലും 'പൊതുജനം കഴുത'യാണെന്ന ആപ്തവാക്യം ഉറപ്പിക്കുന്ന രീതിയിൽ ഭരണകക്ഷിയിൽ പൊന്തിവരുന്ന ചേരിപ്പോരുകളും ഭിന്നസ്വരങ്ങളും, കേരളത്തിന്റെ ഭാവിദിനങ്ങളെ നൈരാശ്യത്തിലാഴ്ത്തുമോ എന്ന ആശങ്ക നൽകുന്നതാണ്. തെരഞ്ഞെടുപ്പു വിജയം ജനത്തിന്റെ വിജയമാണ്. അതിനെ അധികാരത്തോടും പണത്തോടും ഉള്ള ലജ്ജാകരമായ ആർത്തിമൂലം കവരാതിരിക്കുവാൻ സർക്കാരിന് സാദ്ധ്യമാകട്ടെ!

\- പണിക്കരച്ചൻ





## മഹാപുരോഹിത സന്ദേശം

വാത്സല്യമക്കളേ,

സ്വർഗ്ഗാരോഹണപ്പെരുന്നാളും പെന്തക്കോസ്തി ദിനവും നാം ആഘോഷിച്ചു കഴിഞ്ഞ അവസരമാണിത്. ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവ് സ്വർഗ്ഗത്തിലേക്കു കരേറിപ്പോയി; പിതാവിൽ നിന്ന് പരിശുദ്ധ റൂഹാ താഴേക്കിറങ്ങി വന്നു; പരിശുദ്ധാത്മശക്തിയാൽ കർത്താവിന്റെ ശിഷ്യന്മാർ ലോകമൊക്കെയിലും പോയി സുവിശേഷം പ്രസംഗിക്കുകയും കർത്താവിന്റെ സഭയെ സ്ഥാപിക്കുകയും ചെയ്തു. കർത്താവിന്റെ വാഗ്ദത്തം നിവൃത്തിയാകുന്ന രീതിയിൽ പരിശുദ്ധാത്മാവിനാൽ ശക്തരാക്കപ്പെട്ട ശിഷ്യസമൂഹം ലോകത്തിലേക്കയയ്ക്കപ്പെട്ടപ്പോൾ വി. സഭയും മനുഷ്യാവതാരത്തിന്റെ പിൻതുടർച്ചയെന്ന നിലയിൽ അയയ്ക്കപ്പെട്ടവരുടെ സമൂഹമായി മാറി.

കർത്താവിന്റെ ദൗത്യം നിർവ്വഹിക്കുവാൻ വേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന സഭയുടെ അടിസ്ഥാനക്കല്ലുകളായ വി. ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ട് പരിശുദ്ധാത്മാവിനോട് നന്ദിയർപ്പിക്കുന്നതിനുവേണ്ടി ക്രമീകരിക്കപ്പെട്ടിരിക്കുന്ന ശ്ലീഹാ നോമ്പ് ജൂൺ 16–ന് ആരംഭിക്കുകയാണ്. നാം ഏവരും കർത്താവിനാൽ വിളിക്കപ്പെട്ടവരും പരിശുദ്ധാത്മ ശക്തിയാൽ അയയ്ക്കപ്പെട്ടവരുമാകയാൽ നമുക്ക് നോമ്പനുഷ്ഠാനം അത്യാവശ്യമായിരിക്കുന്നു. പകയും വിദ്വേഷവും ക്രൂരതയും അക്രമവും ആത്മഹത്യയും ഒക്കെ പെരുകിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ യേശുക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹത്തിന് നാം സാക്ഷ്യം വഹിക്കുന്നതിലൂടെ മാത്രമേ നമ്മുടെ വിളി അർത്ഥപൂർണ്ണമാവുകയുള്ളു.

മധ്യവേനൽ അവധിക്കാലത്തിനു ശേഷം വീണ്ടും പുതിയൊരു അദ്ധ്യയനവർഷം ആരംഭിച്ചു കഴിഞ്ഞു. അറിവിന്റെ ആദ്യാക്ഷരങ്ങൾ തേടി കുരുന്നുകൾ വിദ്യയുടെ ഉദ്യാനത്തിലേക്കു വന്നു കഴിഞ്ഞു. വ്യക്തിപരവും സാമൂഹികവുമായ സമഗ്രവികസനം ഉണ്ടാകുവാൻ ഈ അദ്ധ്യയന വർഷം സാദ്ധ്യമാകട്ടെ എന്ന് ബലഹീനനായ നാം നിങ്ങളെ ഏവരെയും ദൈവസന്നിധിയിൽ സമർപ്പിച്ച് ആശംസിക്കുന്നു.

ആധുനീക സൗകര്യങ്ങളെല്ലാം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിനയച്ചതുകൊണ്ടു മാത്രം നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി ശോഭനമായി എന്നു കരുതരുത്. സ്വാർത്ഥതയും മത്സരവും ഒക്കെയുള്ള ദുഷിച്ച സാഹചര്യത്തിൽ കുട്ടികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിൽ നാം പരാജയപ്പെട്ടാൽ നമ്മുടെ സമൂഹത്തിന്റെ ഭാവിതന്നെ അപകടത്തിലാകും. ആകയാൽ, ദൈവാശ്രയം, പരമാർത്ഥത, നീതിബോധം, ആത്മവിശ്വാസം, പരസ്പര സഹകരണം, ബഹുമാനം, സാമൂഹ്യപ്രതിബദ്ധത, ആദിയായ വിശിഷ്ട മൂല്യങ്ങൾ നമ്മുടെ കുട്ടികളിൽ ഊട്ടിവളർത്തുവാൻ ബോധപൂർവ്വം നാം ശ്രമിക്കണം. അചഞ്ചലമായ ദൈവവിശ്വാസവും ആരോഗ്യകരമായ മനുഷ്യബന്ധങ്ങളും മനുഷ്യ ജീവിതത്തെ സമ്പുഷ്ടമാക്കുന്നവയാകയാൽ നമ്മുടെ കുട്ടികൾ മൂല്യബോധമുള്ളവരായി വളരട്ടെ! എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആശംസകളും അനുഗ്രഹങ്ങളും ബലഹീനനായ നാം നൽകുന്നു.

ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ!.

ഫാ. ബിജു പി. തോമസ്, ന്യൂഡൽഹി

...ഡാവിഞ്ചി കോഡു വായിക്കുമ്പോൾ വായനക്കാരൻ നേരിടുന്ന ഒരു അപകടം ഡാൻ ബ്രൗൺ ഇതിനെ ഒരു ഫിക്ഷൻ നോവലായി അവതരിപ്പിച്ച് പ്രചരിപ്പിക്കുമ്പോൾ, പുസ്തകത്തിന്റെ ആ സ്വഭാവത്തെ ചോദ്യം ചെയ്യുന്ന ചില അപകടകരമായ സംഗതികൾ ഇതിൽ ഉണ്ട് എന്നുള്ളതാണ്. ഇതിൽ സൂചനയുള്ള ചില ചിത്രങ്ങൾ, ശില്പങ്ങൾ, അനുഷ്ഠാനങ്ങൾ, ചില സ്ഥാപനങ്ങൾ, ചില സംഘടനകൾ, യേശു ക്രിസ്തുവിനെപ്പോലെയുള്ള ചരിത്ര പുരുഷന്മാരുടെ പരാമർശങ്ങൾ എല്ലാം യഥാർത്ഥമാണ്




# ഡാൻ ബ്രൗണിനെ ഡീ കോഡ് ചെയ്യുമ്പോൾ

ഇതു കുറിക്കുമ്പോൾ തന്നെ റിലീസ് ആകുവാൻ പോകുന്ന ഡാവിഞ്ചികോഡ് എന്ന ഫിലിം, ആഗോള തലത്തിൽ വമ്പിച്ച കോളിളക്കം സ്രഷ്ടിച്ചു കഴിഞ്ഞു. സിനിമയുടെ സംവിധായകർ ഇതിലും വലിയ ബഹളം പ്രതീക്ഷിച്ചിരുന്നു എന്നാണ് അറിയുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ആഗോള വിപണിയിൽ ത്രസിച്ചു നിൽക്കുന്ന ബെസ്റ്റ് സെല്ലർ നോവൽ, ഡാവിഞ്ചി കോഡ് ആണ് സിനിമയുടെ പ്രമേയം. ഫിക്ഷൻ നോവൽ എന്നു അമേരിക്കകാരനായ എഴുത്തുകാരൻ വിശേഷിപ്പിക്കുന്ന ഈ നോവൽ ധാരാളം വിവാദങ്ങൾക്കു തിരികൊളുത്തിയ കൃതിയാണ്.

36 രാജ്യങ്ങളിൽ ഇതിനോടകം അല്പസ്വല്പം മാറ്റങ്ങളോടെ റിലീസ് ചെയ്യുവാൻ അനുവാദം നൽകി കഴിഞ്ഞു. ലെബനോനും ജോർദാനും, സിനിമയുടെ വിവാദപരമായ സ്വഭാവം കൊണ്ട് സിനിമ പ്രദർശനം നിരോധിച്ചു. തായ്‌ലാൻഡ് വിവാദപരമായ ഭാഗം നീക്കം ചെയ്ത് അനുമതി നൽകി. കത്തോലിക്കാ സഭാ വിഭാഗം ഭൂരിപക്ഷമായ ഫിലിപ്പിയൻസിൽ X സർട്ടിഫിക്കേറ്റ് നൽകി. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും കാര്യമായ എതിർപ്പിന്റെ ആവേശം കാണുന്നില്ല.

ക്രൈസ്തവർ ന്യൂനപക്ഷമായ ഭാരതത്തിൽ സമ്മിശ്രമായ സമീപനമാണ് കാണുന്നത്. ബോംബെ നഗരം ചൂടുപിടിച്ചിട്ടുണ്ട്. എന്നാൽ ഭാരതത്തിന്റെ തലസ്ഥാന നഗരി ശാന്തമാണ്. ഭാരതത്തിലെ ദൈവജനതയുടെ മതവികാരത്തെ മാനിച്ച്, സിനിമാ പ്രദർശനം പൂർണ്ണമായി നിരോധിക്കുന്ന തീരുമാനം കേന്ദ്ര ഗവൺമെന്റ് കൈക്കൊള്ളുവാൻ സമ്മർദ്ദ ഗ്രൂപ്പുകൾ ബന്ധപ്പെട്ടവരിൽ സ്വാധീനം ചെയ്യുന്നുണ്ട്. ചിലർ നിരാഹാര സമരത്തിലും മറ്റു ചിലർ കോടതികളിലും ആശ്രയിക്കുന്നു.

ഇതുപോലെയുള്ള സംഭവങ്ങളെ കാര്യമായെടുക്കേണ്ടെന്നും ഫിലിം കാണുന്നതിനും കാണാതിരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കു നൽകാമെന്ന സമീപനവും ഉണ്ട്.

ന്യൂനപക്ഷ സമുദായങ്ങളുടെ നീതി ഉറപ്പുവരുത്തുവാൻ പുതുതായി രൂപം നൽകി 'മിനിസ്ട്രി ഓഫ് മൈനോറിറ്റിസ്' കാര്യമായി എന്തെങ്കിലും ചെയ്യുന്നതായിട്ടറിവില്ല. മൈനോറിറ്റി കമ്മീഷൻ അംഗങ്ങളും ഗൗരവമായി പ്രതികരിച്ചിട്ടില്ല. 'ഇൻഫർമേഷൻ ആൻ ബ്രോഡ്കാസ്റ്റിംഗ് മിനിസ്ട്രി' ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യുന്നു എന്നത് കേന്ദ്ര ഗവൺമെന്റ് ഇതിനെ ഗൗരവമായി കരുതുന്നതായി കാണാമോ? തീരുമാനം പുറത്തു വരുമ്പോൾ അറിയാം.

ക്രൈസ്തവ സഭയുടെ ശക്തിദുർഗമായ യൂറോപ്പിൽ ഈ സിനിമ കാര്യമായ തരംഗം സ്രഷ്ടിച്ചിട്ടില്ല എന്നത് വലിയ അതിശയമാണ്. ഇതിനു പ്രതീകാത്മക അർത്ഥ തലം ഉണ്ടെന്നു തോന്നുന്നു.

എല്ലാം ആഗോളവത്കരിക്കപ്പെട്ട ലോക വ്യവസ്ഥിതിയിൽ പാശ്ചാത്യ ലോകത്തെ (വികസിത രാജ്യങ്ങൾ എന്നു വായിക്കുക) ഉത്പന്നങ്ങൾ വിറ്റഴിക്കപ്പെടുവാനുള്ള വിപുലമായ വിപണി ഇപ്പോഴും ഏഷ്യൻ, ആഫ്രിക്കൻ (കുറെക്കൂടി വ്യക്തമായി എഴുതിയാൽ, അവികസിത–വികസ്വര) രാജ്യങ്ങളാണ്. ഈ സ്വഭാവം കൊണ്ടാകാം ഇതിനെ നിയോ–കൊളോണിയലിസം എന്നു വിളിക്കുന്നത്.

പാശ്ചാത്യ എഴുത്തുകാരുടെയും സിനിമാ നിർമ്മാതാക്കളുടെയും ലക്ഷ്യം ഇപ്പോഴും മാനസ്സികമായും സാമ്പത്തികമായും പാശ്ചാത്യ അടിമത്വം വച്ചു പുലർത്തുന്ന അവികസിത രാജ്യങ്ങൾ തന്നെയാണ്. വായനയുടെ വിശാല ലോകം അവിടെയുണ്ടെങ്കിലും ഇതൊരു മാനസിക അടിമത്വത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. ഉപഭോഗ സംസ്കാരവുമായി നെട്ടോട്ടം ഓടുന്ന പാശ്ചാത്യർക്ക് വായിക്കുവാൻ എവിടെ നേരം? മാത്രമല്ല വിശാലമായ വിപണി ഇവിടെയാണ്.

ഇന്ന് ഏറ്റവും കൂടുതൽ ആസ്വദിക്കപ്പെടുന്ന ത്രില്ലറുകളും, ബെസ്റ്റ് സെല്ലർ പുസ്തകങ്ങളും, മറ്റ് കലാരൂപങ്ങളായ സിനിമ, ഗാനം, ആൽബങ്ങൾ മുതലായവ മിക്കവയും പാശ്ചാത്യ സൃഷ്ടികളാണ്. ഉദാ: ഹാരിപ്പോട്ടർ, ഡാവിഞ്ചി കോഡ്, എന്നിവ, എത്ര വേഗം ആണ് ഈ എഴുത്തുകാരും പ്രസിദ്ധീകരണ സംഘടനകളും സമ്പന്നരുടെ ക്ലബുകളിൽ പ്രവേശിക്കുന്നത്. ഇവരിൽ പലരുടെയും പ്രഥമ കൃതികൾ തന്നെ ബെസ്റ്റ് സെല്ലറുകളാകുന്നു. ഇത് ആഗോള വത്കരണത്തിന്റെ ഒരു സ്വഭാവം ആണ്. ഇവിടെ നിന്നും ഒഴുകുന്ന പണവും റിസോഴ്സസും ആത്യന്തികമായി എത്തുന്നത് വീണ്ടും വികസിത രാജ്യങ്ങളിലാണ്.

ഉൽപന്നങ്ങളുടെ വിപണനത്തിന് സത്തയെക്കാൾ വില്പന തന്ത്രമാണ് പ്രധാനം. ആ തന്ത്രങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവൻ വിവാദങ്ങൾ (controversy) ആണ്.

ഡാൻ ബ്രൗണിലെ എഴുത്തുകാരൻ ബുദ്ധിശാലിയും, തന്ത്രങ്ങൾ മെനയുവാൻ കഴിവുള്ളവനുമാണ്. ഡാവിഞ്ചി കോഡിന്റെ തന്ത്രങ്ങൾ അദ്ദേഹത്തിന്റേത് മാത്രമാണെന്നു കരുതുക വയ്യ. അതൊരു സഹകരണ പ്രസ്ഥാനമാണ്. പുസ്തകം തയ്യാറാകുന്നതിനു മുൻപ് തന്നെ വിപണന തന്ത്രം മെനഞ്ഞിരുന്നു. അദ്ദേഹത്തിന്റെ കൃതിയുടെ സാഹിത്യമൂലം ഒരു ബെസ്റ്റ് സെല്ലർ ആകുവാൻ തക്കതായതല്ല. അതിലും എത്രയോ നല്ല കൃതികൾ എങ്ങും എത്താതെ പൊലിഞ്ഞു പോയി.

നൂറ്റാണ്ടുകളായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ–രഹസ്യമായും, പരസ്യമായും നിലനിന്നിരുന്ന ഊഹാപോഹങ്ങളെയും അപവാദകഥകളെയും തന്ത്രപൂർവ്വമായി സമന്വയിപ്പിച്ചതാണീ കഥ. അപവാദങ്ങൾ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ കൂടപ്പിറപ്പായിരുന്നു. ജനനം മുതൽ ഉയർപ്പു വരെ വിവാദങ്ങൾ കൂടെയുണ്ടായിരുന്നു. ഉയിർത്തു കഴിഞ്ഞ് വിവാദങ്ങളും വേദവിപരീതങ്ങളും ഏതാനും നൂറ്റാണ്ടുകൾ ശക്തിയായി സഭയെ ആഞ്ഞടിച്ചു. ആദിമ സഭാ പിതാക്കന്മാർ വേദശാസ്ത്രപരമായും, യുക്തിഭദ്രമായും അവയെ നേരിട്ടിരുന്നു.

ലോകത്തിൽ നിലവിലുള്ള പ്രധാന മതങ്ങളിൽ ഏറ്റവും ബൃഹത്തായതിനെ പ്രകോപിപ്പിക്കുക വഴി തന്റെ കൃതിയുടെ കച്ചവടം ഉറപ്പു വരുത്തുകയായിരുന്നു ബ്രൗൺ. ക്രിസ്തുമതത്തിന്റെ മൊത്തം ജനസംഖ്യയുടെ പകുതിതിയിലധികം വരുന്ന കത്തോലിക്കാ സമുദായത്തിന്റെ ചില രഹസ്യഭാവത്തെ തുറന്നു കാട്ടുവാൻ ശ്രമിക്കുക വഴി ആ സമുദായാംഗങ്ങൾ തന്റെ കൃതികൾ വായിക്കും എന്നദ്ദേഹം വിശ്വസിച്ചു. കത്തോലിക്കാ സമുദായത്തെ വിമർശിക്കുമ്പോൾ നേതാക്കൾ വെറുതെ കൈയ്യും കെട്ടി നോക്കിയിരിക്കില്ലെന്നും തന്റെ നിലപാടിനെ സമുദായത്തിന്റെ കാവൽഭടന്മാർ രൂക്ഷമായി വിമർശിക്കുകയും കളിയാക്കുകയും ചെയ്യും എന്ന് കരുതി. ഇത് തന്റെ ഉത്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കും എന്ന ബുദ്ധിമാനായ എഴുത്തുകാരൻ ചിന്തിച്ചു. അതിൽ ഒരു എഴുത്തുകാരൻ എന്ന നിലയിൽ ബ്രൗൺ വിജയിച്ചു.

കാര്യമായ സാഹിത്യനിലവാരമില്ലാത്ത ഈ കൃതിയുടെ നാലുകോടി മുപ്പതു ലക്ഷം പ്രതികൾ വില്ക്കുകയും 36 പ്രാദേശിക ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ട് ചരിത്രത്തിന്റെ ഭാഗമാകുവാൻ സഹായിച്ചത് തിരുസഭയുടെ നേതൃത്വം തന്നെയാണ്. സഭയുടെ അപ്രമാദിത്വ സ്വഭാവം ഇതിനു മുൻപും അപകടകരമായിട്ടുമുണ്ട്.

ഡാവിഞ്ചി കോഡു വായിക്കുമ്പോൾ വായനക്കാരൻ നേരിടുന്ന ഒരു അപകടം ഡാൻ ബ്രൗൺ ഇതിനെ ഒരു ഫിക്ഷൻ നോവലായി അവതരിപ്പിച്ച് പ്രചരിപ്പിക്കുമ്പോൾ, പുസ്തകത്തിന്റെ ആ സ്വഭാവത്തെ ചോദ്യം ചെയ്യുന്ന ചില അപകടകരമായ സംഗതികൾ ഇതിൽ ഉണ്ട് എന്നുള്ളതാണ്. ഇതിൽ സൂചനയുള്ള ചില ചിത്രങ്ങൾ, ശില്പങ്ങൾ, അനുഷ്ഠാനങ്ങൾ, ചില സ്ഥാപനങ്ങൾ, ചില സംഘടനകൾ, യേശു ക്രിസ്തുവിനെപ്പോലെയുള്ള ചരിത്രപുരുഷന്മാരുടെ പരാമർശങ്ങൾ എല്ലാം യഥാർത്ഥമാണ്. ക്രൈസ്തവ മതഗ്രന്ഥമായ വി. വേദപുസ്തകത്തിലേക്ക് വിരൽചൂണ്ടുന്നുണ്ട്. ചരിത്ര പുരുഷന്മാരായ പ്രശസ്ത ചിത്രകാരന്മാരുടെ ചിത്രങ്ങളിൽ മറ്റും ആവർത്തിച്ച് സംസാരിക്കപ്പെടുന്നുണ്ട്. ലോകത്തിലെ ഏറ്റവും അമൂല്യമായ 'ലൂവർ' മ്യൂസിയത്തെക്കുറിച്ച് വിവരണം ഇതിലുണ്ട്. ഈ കാരണങ്ങളാൽ ഈ കൃതിയെ ഒരു ഫിക്ഷൻ എന്നു വിളിക്കുന്നതിനെക്കാൾ ഫാക്ഷൻ (faction) എന്നു വിളിക്കുന്നതാകും ശരി.

വടക്കെ ഇൻഡ്യയിൽ പ്രവർത്തിക്കുന്ന ഒരു ക്രൈസ്തവ മിഷനറി എഴുതിയ ഹൈന്ദവ വിശ്വാസങ്ങൾ വിമർശിക്കുകയും, അപലപിക്കുകയും ചെയ്യുന്ന പുസ്തകം സംഘ പരിവാറിന്റെ സമ്മർദ്ദങ്ങളെ തുടർന്നു രാജസ്ഥാൻ ഗവൺമെന്റ് നിരോധിച്ചു. കാരണം ഹൈന്ദവ മതത്തിന്റെ വിശ്വാസാചാരങ്ങളെ അനാദരിക്കുന്നതാണ് കൃതി എന്നതാണ്. പ്രശസ്ത ചിത്രകാരനായ എം. എഫ്. ഹുസൈനും ഹൈന്ദവ ദൈവങ്ങളെ വികലമാക്കി ചിത്രം വരച്ചതിനെ ശക്തമായ വിമർശനം നേരിട്ടിരുന്നു.

**നോവൽ നൽകുന്ന ചില ചിന്തകൾ**

i) ക്രിസ്തു തന്റെ അനന്തരഗാമിയായി നിശ്ചയിച്ചിരുന്നത് തന്റെ ഭാര്യകൂടിയായിരുന്ന മഗ്ദലന മറിയത്തെ ആയിരുന്നു.

(വിശദീകരണം:- യേശുക്രിസ്തു തന്റെ ദൗത്യ നിർവ്വഹണത്തിനായി ഒരു വ്യക്തിയെ നിയമിച്ചില്ല. ഒരു സമൂഹത്തെ (സഭ) യാണ് തന്റെ പ്രേഷിത ദൗത്യം ഏല്പിച്ചത്)

ii) പുരുഷാധിപത്യമനോഭാവം കത്തോലിക്കാ സഭയിൽ ശക്തമായപ്പോൾ മഗ്ദലന മറിയത്തെ വേശ്യയായി ചിത്രീക

രിച്ച് സഭാ ചരിത്രത്തിന്റെ ഗതിയെ മാറ്റി മറിച്ചു.

iii) യേശു ക്രിസ്തു ക്രൂശിൽ മരിക്കാതെ രക്ഷപെട്ട് മഗ്ദലന മറിയവുമായി പില്കാലം ദാമ്പത്യ ജീവിതം നയിച്ചു.

iv) യേശുക്രിസ്തുവിന്റെ രക്തബന്ധമുള്ളവർ പിൻഗാമികൾ കത്തോലിക്കാസഭയുടെ രോഷത്തിൽ നിന്നും രക്ഷപെടുവാൻ രഹസ്യ സമൂഹമായി ജീവിച്ചു.

v) വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ മുഖ്യ ശില്പികളിൽ ഒരാളായ ഡാവിഞ്ചിയും, വിക്ടർ യൂഗോയും, സർ ഐസക് ന്യൂട്ടനും, ബോട്ടിസെല്ലി മുതലായവർ ഈ രഹസ്യ സമൂഹത്തിലെ അംഗങ്ങൾ ആയിരുന്നു.

(ഇത്തരം ചിന്തകൾ സഭയുടെ വിശ്വാസത്തിന്റെയും, നിലനില്പിന്റെയും അടിസ്ഥാന കല്ല് ഇളക്കും എന്ന് കത്തോലിക്കാ സഭാ അധികാര ശ്രേണി ഭയക്കുന്നു).

vi) ഡാവിഞ്ചി തന്റെ ശില്പങ്ങളിലും, ചിത്രങ്ങളിലും ചില രഹസ്യ കോഡുകൾ അതിൽ ഉൾപ്പെടുത്തി എന്നതാണ് ഡാൺബ്രൗണിന്റെ കണ്ടുപിടിത്തം. ഉദാ: ഡാവിഞ്ചിയുടെ വിശ്വപ്രസിദ്ധമായ അന്ത്യ അത്താഴം (last supper) - ധിഷണാ വൈഭവത്തോടെയാണ് ബ്രൗൺ സൂക്ഷ്മ വിശകലനം ചെയ്ത് സമർത്ഥിക്കുന്നത്. വി. യോഹന്നാൻ എന്ന് കരുതിയിരുന്നയാൾ (ക്രിസ്തുവിന്റെ വലതുഭാഗത്തിരിക്കുന്നയാൾ) ഒരു സ്ത്രീയായിരുന്നു എന്നും അത് മഗ്ദലന മറിയാമായിരുന്നു എന്നു ബ്രൗൺ എഴുതുന്നു. കൂട്ടത്തിൽ ചില അപ്പോക്രിഫൽ ഗ്രന്ഥങ്ങളെ ഉദ്ധരിച്ച് ആ വാദത്തെ ശക്തീകരിക്കുന്നു.

vii) പുരുഷമേധാവിത്വം നിലനിന്നിരുന്ന വ്യവസ്ഥിതികൾ മഗ്ദലനക്കാരി മറിയത്തിന്റെ സ്വാധീനം മറ്റ് ശിഷ്യന്മാർക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്നില്ല പത്രോസ് എന്നു കരുതുന്ന ചിത്രത്തിലെ ആൾ തന്റെ ഒരു കൈ ക്രിസ്തുവിന്റെ അരികിൽ ഇരിക്കുന്ന ശിഷ്യൻ/ശിഷ്യയുടെ മേൽ നീട്ടുന്നു, മറുകൈയിൽ മൂർച്ചയുള്ള ഒരു ആയുധം കരുതിയിരിക്കുന്നതായും ബ്രൗൺ ഈ അനാവരണം ചെയ്തു കണ്ടെത്തുന്നു. ഇത് ഡാവിഞ്ചിക്കു പറയാനുള്ള രഹസ്യമായിരുന്നു എന്നാണ് ബ്രൗണിന്റെ വാദം. പ. പത്രോസിന്റെ ഈ ഭാവം സഭയുടെ സ്ത്രീകളോടുള്ള സമീപനമായി ഡാവിഞ്ചി കണ്ടു. എന്നാണ് ബ്രൗണിന്റെ സമർത്ഥനം.

ഡാൻ ബ്രൗണിന്റെ കണ്ടെത്തലിൽ യുക്തിഭദ്രമല്ലാത്തതും സാമാന്യ ചിന്തയ്ക്കു നിരക്കാത്തതുമായ ചില കാര്യങ്ങൾ

i) ലിയോനാർഡോ ഡാവിഞ്ചി വരച്ച 'അന്ത്യ അത്താഴ'ത്തിൽ വലത്തുഭാഗത്തിരിക്കുന്ന ശിഷ്യൻ/ശിഷ്യ മഗ്ദലന മറിയാം ആയിരുന്നു എങ്കിൽ കർത്താവിന്റെ പ്രിയ ശിഷ്യനും വേദശാസ്ത്രജ്ഞനും, സുവിശേഷകനുമായ വി. യോഹന്നാന് എന്ത് പറ്റി? വി. യോഹന്നാൻ അന്ത്യ അത്താഴ സമയത്ത് എവിടെപ്പോയി? വി. യോഹന്നാൻ അന്ത്യ അത്താഴത്തിനു സംബന്ധിച്ചില്ലായിരുന്നു എങ്കിൽ എന്തുകൊണ്ട്

*ശേഷം 32-ാം പേജിൽ....*

മലങ്കര സഭാ മാസിക
**ചരിത്ര ലേഖനങ്ങൾ...**
പുസ്തകം 27, 28 ഡിസം. 1972,

## ചരിത്രത്തെ വെല്ലുന്ന ഐതിഹ്യം

*- ജവഹർലാൽ നെഹ്റു*

*മാർത്തോമ്മാ ശ്ലീഹായുടെ 19-ാം ചരമശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 1952 ഡിസം. 14-ാം തീയതി ഡൽഹിയിൽ പ്രധാനമന്ത്രി ചെയ്ത പ്രസംഗം.*

അനേകം വർഷങ്ങൾക്കിടയിൽ ഇതുപോലെയുള്ള ഒരു മഹാസമ്മേളനം ഡൽഹി നഗരത്തിൽ നടന്നിട്ടില്ല. ഈ യോഗത്തിൽ ഒരു പ്രസംഗം ചെയ്യണമെന്നു ചുമതലക്കാർ എന്നോടാവശ്യപ്പെട്ടപ്പോൾ കഴിഞ്ഞ 19 ശതവർഷത്തെ ചരിത്രത്തിലെ അനേകം സംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന വിചാരങ്ങൾ എന്റെ മനസ്സിൽ അലതല്ലിത്തുടങ്ങി. സെന്റ് തോമസ് ഇൻഡ്യയിൽ പ്രവേശിച്ചതു 52 ഏ.ഡി. യിൽ ആണെന്നാണു ഐതിഹ്യം ഘോഷിക്കുന്നത്. ഈ ഐതിഹ്യത്തിന്റെ പ്രാബല്യത്തെപ്പറ്റി അനുസ്മരിക്കുമ്പോൾ ഇതു ചരിത്രത്തേക്കാൾ മികച്ചു നിൽക്കുന്ന ഒരു വസ്തുതയാണെന്നു പറയേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഉത്തരേന്ത്യയ്ക്കു ദക്ഷിണേന്ത്യയെപ്പോലെ ഒരു പാരമ്പര്യം ലഭിച്ചിട്ടില്ല. എന്നാൽ എന്റെ ഒരു ഗ്രന്ഥത്തിൽ ഞാൻ ഈ ഐതിഹ്യത്തെ പരാമർശിച്ചിട്ടുണ്ട്. അതിനാൽ ഞാൻ ഇതിനെപ്പറ്റി തികച്ചും അജ്ഞനാണെന്ന വിചാരം എനിക്കില്ല. പ്രാചീന ഭാരതം ലോകത്തിലെ പല രാജ്യങ്ങളുമായി സമ്പർക്കം പാലിച്ചുകൊണ്ടിരുന്നു. ഈ ചരിത്ര സംഭവങ്ങൾ വായിച്ചാൽ നമുക്ക് അത്ഭുതം തോന്നും. പൗരസ്ത്യരാജ്യങ്ങളുമായും പാശ്ചാത്യ രാജ്യങ്ങളുമായും നാം സമ്പർക്കം പുലർത്തിയിരുന്നു. റോമാനഗരവുമായും മെഡിറ്ററേനിയൻ പ്രദേശങ്ങളുമായും നാം ബന്ധം പുലർത്തിയിരുന്നെന്നുള്ള സുവ്യക്തമായ ചരിത്ര വസ്തുതകളാണ്. ഈ പരിസ്ഥിതിയിൽ സെന്തോമസ് ഇൻഡ്യയിൽ വന്നതിന്റെ ഒട്ടുംതന്നെ അത്ഭുതപ്പെടാനില്ല. ഒരു കാലത്തെ സ്ഥിതിഗതികൾ മേൽപ്രസ്താവിച്ച നിലയിലായിരുന്നെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിനുശേഷം ഇൻഡ്യ ലോകത്തിലെ ഇതര രാജ്യങ്ങളിൽ നിന്നു നിശ്ശേഷം ഒറ്റതിരിക്കപ്പെട്ടുപോയി. ഇൻഡ്യാക്കാരെല്ലാം അവർക്കു ലഭിച്ചിട്ടുള്ള മഹത്തായ അവകാശങ്ങളെപ്പറ്റി ബോദ്ധ്യമുള്ളവരായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. അപ്പോസ്തോലന്മാരിലൊരാളായ സെന്തോമസ് ക്രിസ്തുവിന്റെ സന്ദേശം ഭാരതഭൂമിയിൽ കൊണ്ടുവന്നു എന്നത് അത്യന്തം ആനന്ദകരമായ ഒരു വസ്തുതയാണ്. ക്രിസ്തുമതത്തിന് പുറമേ മറ്റു പല മതങ്ങളും ഇൻഡ്യയിൽ പ്രചരിച്ചു. ബുദ്ധമതം ഇൻഡ്യയിലും ഇൻഡ്യയ്ക്കു വെളിയിലും വ്യാപിക്കുകയുണ്ടായി. നമ്മിൽ പലരും സങ്കുചിതമായ ദേശീയ ബോധത്തോടുകൂടിയവരാണ്. ഈ മനോഭാവം മൂലം ഒരു മതത്തിൽ വിശ്വസിക്കുന്നവർ മറ്റു മതങ്ങളെല്ലാം വിദേശമതങ്ങളാണെന്നു കരുതുന്നു.

മതം എവിടെ ആയിരുന്നാലും അതു സത്യമാണ്. ഇതിൽ നാമെല്ലാം തുല്യപങ്കാളികളത്രേ. ക്രിസ്തുമതം സംബന്ധിച്ചു ദക്ഷിണേന്ത്യക്കാർക്ക് അവരുടെ പരമ്പരാഗതമായ വിശ്വാസമുണ്ട്. അതിനാൽ അതിനെപ്പറ്റി ദക്ഷിണേന്ത്യക്കാരോടു നാം ഒന്നും പറയേണ്ടതില്ല. ഉത്തരേന്ത്യൻ നിവാസികൾക്ക് ഈ ഐതിഹ്യത്തെപ്പറ്റിയുള്ള അറിവ് അത്യന്തം പരിമിതമാണ്. അതിനാൽ ഇതു സംബന്ധിച്ച അറിവ് ഉത്തരേന്ത്യാക്കാർക്കു കൂടി നൽകുന്നതിനു പര്യാപ്തമായ ഈ സമ്മേളനം വിളിച്ചുകൂട്ടുന്നതിനു ഭാരവാഹികൾ ശ്രമിച്ചതിൽ ഞാൻ അവരെ അനുമോദിക്കുന്നു.





ലേഖനം

# ചിത്രം, വിചിത്രം

**ഫാ. എബ്രഹാം തരകൻ, ആലുമ്മൂട്ടിൽ**

**...വഴിയോരങ്ങളിൽ ഇപ്പോൾ ചിത്രങ്ങൾ സുലഭം വിലതുച്ഛം. തിരുഅത്താഴത്തിലെ ശ്ലീഹന്മാരുടെ ശിരസ്സിൽ ഒരുമുടിപോലും കാണുന്നില്ല. ഏറ്റം ഇളയവനായിരുന്ന യോഹന്നാൻ ശ്ലീഹായുടെ ശിരോസ്ഥിതിയും അതുതന്നെ. വില ഇത്രയല്ലേ ഉള്ളു, ഇരിക്കട്ടെ ഒന്ന്...**

ഓർത്തഡോക്സ് പള്ളികളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും പ്രദർശിപ്പിച്ചിട്ടുള്ള ചില ചിത്രങ്ങളാണ് ഈ ലേഖനത്തിലെ പ്രധാന പ്രതിപാദ്യം.

കണ്ടാൽ രൂപഭംഗിയുള്ളതെന്നു തോന്നിക്കുന്ന ചിത്രം-ചിത്രം-(നല്ലത്) മറിച്ച് രൂപഭംഗി തോന്നിക്കാത്തതും സ്വഭാവികതക്കു ചേരാത്തതുമായുള്ളത് -വിചിത്ര ചിത്രം.

ഒരാൾ ഒരു ചിത്രത്തിലേക്കു നോക്കുമ്പോൾ ചിത്രത്തിലെ ആൾ തന്നെ നോക്കുന്നതായി അനുഭവപ്പെടുകയും, ഇടത്തോട്ടോ വലത്തോട്ടോ മാറി നിന്നുനോക്കുമ്പോഴും അതേ അനുഭവം ഉണ്ടാകുകയും ചെയ്യുന്നുവെങ്കിൽ അത് ഒരു ചിത്രത്തിന്റെ ഉത്തമ ലക്ഷണമാണ്.

ചില വിചിത്ര ചിത്രങ്ങളെക്കുറിച്ച് അനുവാചകരുടെ ശ്രദ്ധക്കും ചിന്തക്കും എഴുതുന്നു.

1. ദൈവമാതാവിന്റെ ചിത്രം:- ഹൃദയം പുറത്തെടുത്ത്, നെഞ്ചോടു ചേർത്തു വെച്ച് ചങ്കിൽ ഒരു വാൾ കടത്തി വരച്ചിട്ടുള്ള ചിത്രങ്ങൾ വിചിത്രം തന്നെ. "നിന്റെ സ്വന്തം പ്രാണനിൽക്കൂടെയും ഒരുവാൾ കടക്കും" (ലൂ. 2:35) എന്ന, വൃദ്ധനായ ശെമവൂന്റെ വാക്കുകളെ അടിസ്ഥാനപ്പെടുത്തി ചിത്രകാരൻ തന്റെ ഭാവനക്കു രൂപം കൊടുത്തിട്ടുള്ളതാണ് ഈ വിചിത്ര ചിത്രം. ദൈവമാതാവിന്റെ ചങ്കിൽ ആരും വാൾ കടത്തിയിട്ടില്ല. സ്വന്ത പുത്രന്റെ മരണത്തിൽ മനം നൊന്തുകരഞ്ഞു എന്നതുമൂലം ശെമവൂന്റെ വാക്കുകൾ യാഥാർത്ഥ്യമായി എന്നതാണ് വസ്തുത. ചിത്രം കാണുമ്പോൾ ഭയവും തജ്ജന്യഭക്തിയും മനുഷ്യമനസ്സുകളിൽ ഉളവാക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്. ഇത് വേദവിപരീതവും അടിസ്ഥാനരഹിതവും ആയതിനാൽ സഭ ഈ ചിത്രത്തെ അംഗീകരിച്ചിട്ടില്ല.

കർത്താവിന്റെ ചിത്രം: "പടയാളികളിൽ ഒരുത്തൻ കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്തു കുത്തി" (യോഹ. 19:34) എന്നാൽ പടയാളികളോ തന്റെ ശത്രുക്കളിൽ ആരെങ്കിലുമോ കർത്താവിന്റെ ചങ്ക് പുറത്തെടുത്തു നെഞ്ചിൽ ചേർത്തു വെച്ച് കുന്തമോ വാളോ കുത്തിക്കയറ്റിയില്ല. ഈ പ്രവൃത്തി സംബന്ധിച്ച് ഒരു കെട്ടുകഥ (legend) പോലും ഇല്ലാതിരിക്കെ ഇതിന്റെ പിന്നിലെ ദുരുദ്ദേശവും മുൻപറഞ്ഞതുതന്നെ വി. ദൈവമാതാവിന്റെയോ കർത്താവിന്റെയോ, ഇത്തരം ചിത്രങ്ങൾ ഏതെങ്കിലും പള്ളിയിലോ അനുബന്ധസ്ഥാപനങ്ങളിലോ കാണുവാൻ ഇടയായാൽ, നിരണം ഭദ്രാസനത്തിന്റെ മുൻ മെത്രാപ്പോലീത്താ അഭി. തോമാ മാർ ദീവന്നാസ്യോസ് തിരുമേനി അത് തൽക്ഷണം നീക്കം ചെയ്യിക്കുമായിരുന്നു.

പരുമല പള്ളിയുടെ കൂദാശയോടനുബന്ധിച്ച് വിശുദ്ധ മദ്ബഹായിൽ സ്ഥാപിച്ചിരുന്ന, ആധുനീക, കലാരൂപം ആയിരുന്നാൽ തന്നെയും, വിചിത്ര ചിത്രം ഏവരും ഓർമ്മിക്കുമല്ലോ. അനേകരുടെ പ്രാർത്ഥനയോ ദൈവിക വിളിപ്പാടോ എന്തു തന്നെ ആയിരുന്നാലും അതിനു സ്ഥാന ഭ്രംശം ഉണ്ടായി. നല്ലതു തന്നെ.

കർത്താവിന്റെ മാമോദീസാ സംബന്ധിച്ച ചിത്രം:- എന്താണ് ഈ ചിത്ര

ത്തിലെ അസ്വീകാര്യത? കർത്താവു സ്നാനം ഏറ്റപ്പോൾ കേവലം മുപ്പതു വയസ്സായിരുന്നു. യോഹന്നാന് കർത്താവിനേക്കാൾ ആറുമാസം മാത്രം പ്രായക്കൂടുതൽ. എന്നാൽ പല ചിത്രങ്ങളിലും കർത്താവിനേക്കാൾ വർഷങ്ങളോളം പ്രായം കൂടുതലുള്ള വിധം കാണിച്ചിരിക്കുന്നു. അതാണു വിചിത്രം.

വേദസാക്ഷ്യങ്ങളും, ചരിത്രരേഖകളും വി. യോഹന്നാന് കർത്താവിനേക്കാൾ ആറുമാസം മാത്രം പ്രായക്കൂടുതൽ എന്നു സാക്ഷിക്കുമ്പോൾ സ്നാനവേളയിലെ വി. യോഹന്നാന് വർഷങ്ങളോളം പ്രായക്കൂടുതൽ തോന്നിക്കുന്ന വിധം ഉള്ള ചിത്രങ്ങൾ അംഗീകാരയോഗ്യമല്ലാത്തതു തന്നെ.

പ. മാർത്തോമ്മാശ്ലീഹായുടെ ചിത്രം:- ശ്ലീഹായെ ഒരു കയ്യിൽ കുന്തവും മറുകയ്യിൽ തുകൽ ചുരുളും കൈ മടക്കിൽ ആശാരി മട്ടവുമായി ചിത്രീകരിച്ചിരിക്കുന്നവ, വളരെ ഏറെ ആണ്. ഇതെന്തു വിചിത്രം! വിരോധാഭാസം!? കുന്തം കയ്യിൽ ഏന്താൻ അദ്ദേഹം ഒരു പടയാളിയോ, Zelot (person who shows great and uncompromising enthusiasm for religion, a party etc.) പോലുമോ അല്ലായിരുന്നു. പ്രത്യുത ഒരു തച്ചനായി അറിയപ്പെടുന്നു - Thomas was a carpenter എന്ന് The Acts of Thomas എന്ന അപ്പോക്രിഫാ പുസ്തകവും Thomas in the after days എന്ന ശീർഷകത്തിലെ william Barkley യുടെ വിവരണവും അറിവു പകർന്നു തരുന്നു. പ. ഔഗേൻ ബാവായുടെ നിർദ്ദേശപ്രകാരം കുന്തം മാറ്റി അഗ്രത്ത് കുരിശോടുകൂടിയ വടിയും മറുകയ്യിൽ തുകൽ ചുരുളും കൈമടക്കിൽ ആശാരി മട്ടവും ഏന്തിയ ചിത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ചരിത്രസത്യങ്ങൾക്കു ചേർന്നതു തന്നെ.

കർത്താവിന്റെ വിലാപ്പുറത്തു സ്പർശിക്കുന്ന ചിത്രം:- ചില ചിത്രങ്ങളിൽ ഇടതു വിലാവിലും മറ്റു ചിലരിൽ വലതുവിലാവിലും സ്പർശിക്കുന്നതായി കാണിക്കുന്നു. മനുഷ്യ ഹൃദയം നെഞ്ചിന്റെ ഇടതുവശത്താണെന്നു അബദ്ധധാരണയായിരിക്കാം ഇതിനു കാരണം. എന്നാൽ ഹൃദയം സ്ഥിതി ചെയ്യുന്നത് നെഞ്ചിന്റെ നടുക്കുതന്നെയാണ്. അതിന്റെ ത്രികോണശീർഷഭാഗം ഇടത്തേക്കു ചൂണ്ടിയിരിക്കുന്നു എന്നു മാത്രം. "The heart purches in the from part of the chest under the breast bone in the centre with its apex pointed to the left" (The family book of preventive Medicine Ch: 19 Pg. 98 para 3) ഹൃദയത്തിന്റെ ശീർഷഭാഗം ഇടത്തേക്കു ചൂണ്ടിയിരിക്കാനാണ് കൂടുതൽ സാദ്ധ്യതയെന്ന് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

പ. പരുമല തിരുമേനിയുടെ ചിത്രം:- സ്വന്തം ഫോട്ടോ എടുപ്പിക്കുന്നതിൽ തിരുമേനി വലിയ താല്പര്യം കാണിച്ചിരുന്നില്ല. തിരുവിതാംകൂർ സ്റ്റേറ്റു മാനുവലിൽ പ്രസിദ്ധപ്പടുത്തുവാൻ, പിതാവിന്റെ ഒരു പടം എടുക്കുവാൻ ഗവ. ഫോട്ടോഗ്രാഫർ ആയിരുന്ന ഡിക്രൂസ്, സായിപ്പിന് ഏതാനും ദിവസങ്ങൾ കാത്തുനില്ക്കേണ്ടിവന്നു എന്നത് ഇതിനൊരു തെളിവാണ്. വിധിയെന്നു പറയട്ടെ അതിന്റെ ശരിപകർപ്പ് കിട്ടാനില്ല. പ. പിതാവിന്റെ രൂപസാദൃശ്യം ഉള്ളതെന്ന് പ്രായം ചെന്ന ചിലർ സാക്ഷിച്ചിട്ടുള്ള രണ്ടു ചിത്രങ്ങൾ ഉണ്ട്. അവയിൽ ഒന്ന് തിരുവല്ലാ M.G.M.H.S. ന്റെ സമീപം സ്ഥിതി ചെയ്യുന്ന കുരിശിൻ തൊട്ടിക്കുള്ളിൽ സ്ഥാപിച്ചിരിക്കുന്നു. 11-11-55-ൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ് കുരിശുകൂദാശ നടത്തിയത് അപ്പോൾ അനാഛാദനം ചെയ്താണ് ഈ ചിത്രം (ലേഖകൻ സന്നിഹിതനായിരുന്നു) ഇതിന്റെ ചിത്രകാരൻ ഒ. ചെറിയാൻ സാർ. അദ്ദേഹത്തിനു നിർദ്ദേശങ്ങൾ നല്കിയിരുന്നത് തന്റെ ചിത്രരചനക്കു ഗുരുവും പ. പിതാവിന്റെ സമകാലീനനുമായിരുന്ന ഡ്രോയിംഗ് മാസ്റ്റർ കെ. ചാക്കോ സാർ.

രണ്ടാമത്തേത് - ആലപ്പുഴ സെ. തോമസ് ഓർത്തഡോക്സ് പള്ളിയങ്കണത്തിൽ വടക്കരികിൽ സ്ഥാപിച്ചിരിക്കുന്നു. ഇതിന്റെ കലാകാരൻ ശ്രീ. എസ്. ആർ. പിള്ളെ ആയിരുന്നു. ചിത്രരചനാകാലം മുഴുവൻ വൃതാനുഷ്ഠാനത്തോടെയാണ് അദ്ദേഹം അത് വരച്ചത്. പഴക്കം കൊണ്ട് ചായം ചില ഇടങ്ങളിൽ അല്പം ഒക്കെ പൊഴിഞ്ഞു പോയത് ശരിയാക്കിയിട്ടുണ്ട്.

പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സിലെ ഉപദേശവും അനുഗ്രഹാശ്ശിസ്സുകളും ലഭിച്ച്, ശ്രീ. ചെങ്ങന്നൂർ ബേബിയും അനന്തരവൻ ബാബു ചെങ്ങന്നൂരും വരയ്ക്കുന്ന ചിത്രങ്ങൾ ഏറെ രൂപഭംഗിയുള്ളത്. ഇവയിൽ പ. പള്ളിയുടെ കൂദാശയോടനുബന്ധിച്ച് മനോരമ ഇറക്കിയ നിരവധി ചിത്രങ്ങളും ബാബു രചിച്ചതിൽ നിന്നാണ്. മനോരമ പ്രസ്സിലാണല്ലോ ഡിക്രൂസ്, സായിപ്പ് എടുത്തു ആദ്യ ഫോട്ടോ അച്ചടിച്ചിതും.

പ. പിതാവിന്റെ ചിത്രം വരക്കാൻ ഇപ്പോൾ അനേകരുണ്ട്. ആനയെ വരച്ച് കൂനയാക്കുന്നവരും കൂട്ടത്തിൽ ഉണ്ട്, പലതും വിചിത്ര ചിത്രങ്ങൾ. ഫോട്ടോ എടുക്കുന്നതിൽ താല്പര്യവാനല്ലാതിരുന്ന പിതാവിനെ കാപ്പ അണിയിച്ചു പ്രസിദ്ധപ്പെടുത്തുന്നു, ചന്തസ്ഥലങ്ങളിലും വഴി ഓരങ്ങളിലും സ്ഥാപിക്കുന്നു. സഹദേന്മാരെ അനുസ്മരിക്കുന്ന ചുവന്ന അങ്കിയും ചുവന്ന അരികുപാളം പിടിപ്പിച്ച കറുത്ത ളോഹയും മാത്രം ധരിച്ചിരുന്ന പിതാവിനെ നീലനിറത്തിലുള്ളവ ധരിപ്പിക്കുന്നു. കൃശഗാത്രനെ സ്ഥൂലഗാത്രനാക്കുന്നു. ഇടതിങ്ങിയതല്ലാത്തതും ഏറെ നരബാധിച്ചിരുന്നതുമായ ധാഢിയെ തിങ്ങിയതും അല്പം മാത്രം നരബാധിച്ചതും ആയി മാറ്റുന്നു. ചില ചിത്രങ്ങളുടെ അടിയിൽ പ. പരുമല തിരുമേനി എന്നു എഴുതി വച്ചാലും മനസ്സിലാക്കാൻ പ്രയാസം. ഇപ്രകാരം ഈ വിചിത്ര ചിത്രങ്ങൾ വയ്ക്കുന്നിടത്ത് പ. പിതാവിന്റെ ദേഹി സാന്നിദ്ധ്യം ഉണ്ടായിരിക്കുമോ? ആർക്കറിയാം!

വഴിയോരങ്ങളിൽ ഇപ്പോൾ ചിത്രങ്ങൾ സുലഭം വിലതുഛം. തിരുഅത്താഴത്തിലെ ശ്ലീഹന്മാരുടെ ശിരസ്സിൽ ഒരു മുടിപോലും കാണുന്നില്ല. ഏറ്റം ഇളയവനായിരുന്ന യോഹന്നാൻ ശ്ലീഹായുടെ ശിരോസ്ഥിതിയും അതുതന്നെ. വില ഇത്രയല്ലേ ഉള്ളൂ, ഇരിക്കട്ടെ ഒന്ന്.

ദൈവാലയങ്ങളിലും, കുരിശിൻ തൊട്ടികളിലും ചിത്രങ്ങൾ നേർച്ചയായും, സംഭാവനയായും കൊടുക്കുവാൻ അനേകർ ആണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വൈദികരുടെ നിർദ്ദേശാനുസരണം വരപ്പിക്കുക; വാങ്ങുക; കുറ്റമറ്റത് ലഭിക്കും. ദൈവാലയങ്ങളിലെപ്പോലെ നമ്മുടെ ഭവനങ്ങളിലും ഊനമില്ലാത്തത് സ്ഥാപിക്കാൻ ശ്രദ്ധിക്കുക. ചിത്രം-ചിത്രം എന്ന സംതൃപ്തി ഉണ്ടാകും ഉണ്ടാകട്ടെ! ❖



ARTICLE

# EVERYTHING JUST A VANITY

Kuruvilla M. Peter,
Mattackal

Visiting hospital and cemeteries is an act of goodness. It soothens one's mind and levels the pride, prejudice and egoism. On the death anniversary of a relative of mine, I visited her grave and offered some flowers. I stood solemnly beside the gave. Tears rolled down, hundreds of past memories flashed through my mind. What does man gain from all his labour at which he toils under the sun. Generations come and generations go but earth remains forever (Ecclesiastic 1:3-4).

I was suddenly brought to my senses by the wail and lamentation of a small crowed of people. They had brought on their shoulders the coffin of a young man who died in an accident. He was the only bread winner of a broken family. The whole members of the family had been thrown to utter helplessness and misery. While going around in the cemetery many were carelessly trampling over the graves. On moving around I could notice animal litter and faeces on many graves. The common cemetry is so wide, it spreads out into many acres. Catholicos, Orthodox and Protestants are taking their eternal rest together without any animosity of difference. Many a potencial C.V. Ramans, Veerappans and Mother Teresas had been devoured by the mud!

From the cemetry I went straight to the Cathedral. Luckly

...As has been said in Shakerspear's macbeth- life is a walking shadow, man makes much noice in the stage of world and is heard no more.



## ദൈവം

# സ്ത്രീകൾക്ക് നൽകിയ ഉന്നത സ്ഥാനത്തിന് ആർക്കാണ് അവകാശം?

മാത്യൂസ് ബർന്നബാസ്
മെത്രാപ്പോലീത്താ

> ദൈവം പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക കഴിവുകൾ നൽകിയിരിക്കുന്നു. അതിനാൽ രണ്ടു പേരും കൂടിചേരുമ്പോൾ പൂർണ്ണതയുണ്ടാകുന്നു. ആര് വലിയവനെന്ന ചിന്തയ്ക്ക് ഇവിടെ സ്ഥാനമില്ല.

സ്ത്രീകൾക്ക് ദൈവം കൊടുത്തിരിക്കുന്ന ഉന്നത സ്ഥാനത്തിന് മാറ്റം വരുത്തുന്നത്, ദൈവത്തോടുള്ള മത്സരമല്ലേ? സ്ത്രീകൾക്ക് കൊടുത്തിരിക്കുന്ന സ്ഥാനമെന്തെന്നറിയുന്നതിന്, വേദപുസ്തകം പരിശോധിക്കാം. "അനന്തരം ദൈവം: നാം നമ്മുടെ സ്വന്തരൂപത്തിൽ, നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക.... ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു... ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു... താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതെത്രയും നല്ലതെന്നു കണ്ടു " (ഉല്പ. 1:26–31) ആദാമും ഹവ്വായും പാപം ചെയ്തതിനാൽ, അവർക്ക് ദൈവമുമ്പാകെയുണ്ടായിരുന്ന സ്ഥാനം, നഷ്ടപ്പെട്ടു. പിതാവും പുത്രനും പരിശുദ്ധ റൂഹായും തമ്മിലുള്ള സ്നേഹബന്ധവും ഐക്യവും, മനുഷ്യരുടെ ഇടയിൽ ഇല്ലാതായി. പിതാവിന് പ്രഥമ സ്ഥാനമുണ്ടെങ്കിലും, ത്രിത്വത്തിലെ മൂന്നുപേരും സമന്മാരാണ്. ഈ ബന്ധമാണ് കുടുംബങ്ങളിൽ ഉണ്ടാകേണ്ടത്. മനുഷ്യന്റെ പാപാവസ്ഥയിൽ ഈ ബന്ധം നഷ്ടപ്പെട്ട്, പുരുഷമേധാവിത്വം വന്നുകൂടിയിരിക്കുന്നു. ഇതിനെ തിരുത്തേണ്ടതായ ചുമതല സഭയ്ക്കുണ്ട്.

നമ്മുടെ കർത്താവിന്റെ കുരിശു മരണത്തിന്റെ തലേ രാത്രിയിൽ, താൻ പ്രാർത്ഥനയിൽ പിതാവിനോട് ഇങ്ങനെ പറഞ്ഞു "നീ എന്നെ അയച്ചു എന്ന് ലോകം വിശ്വസിപ്പാൻ, അവർ എല്ലാവരും ഒന്നാകേണ്ടതിന്, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, അവർ തമ്മിലും ആകേണ്ടതിന് തന്നെ." (വി. യോഹ. 17:21) മനുഷ്യരും ദൈവവും തമ്മിലും, മനുഷ്യർ തമ്മിലും ഐക്യമുണ്ടാകണമെന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധവും ഉൾപ്പെടുന്നു. യേശുക്രിസ്തു പറയുന്നു, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നുള്ളതാകുന്നു എന്റെ കല്പന". (വി. യോഹ. 15:12) കുടുംബാംഗങ്ങൾ തമ്മിലും, കുടുംബങ്ങൾ തമ്മിലും സ്നേഹത്തിൽ അധിഷ്ഠിതമായ ഐക്യതയുണ്ടാകണം അങ്ങനെ ലോകത്തിലെ സകല മനുഷ്യരും, ത്രിത്വത്തോടു ചേർന്ന്, ഐക്യ സമൂഹമായിതീരണം.

മനുഷ്യർക്ക് തമ്മിൽ പുതിയ ഐക്യബന്ധം നൽകുവാനാണ് പുത്രൻ തമ്പുരാൻ വന്നത് ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി. ഇതാ അതു പുതുതായി തീർന്നിരിക്കുന്നു (2 കോരി. 5:17) ഇങ്ങനെ യേശുക്രിസ്തുവിൽക്കൂടി ഒരു പുതിയ സൃഷ്ടി നടക്കുന്നു. പെന്തിക്കോസ്തി ദിവസം, പരിശുദ്ധാത്മാവിന്റെ ആവാസത്താൽ, സ്നേഹത്തിൽകൂടി, എല്ലാവരും ഒന്നായിത്തീർന്നു. "വിശ്വസിച്ചവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസ്സുമുള്ളവരായിതീർന്നു. തനിക്കുള്ളതൊന്നും സ്വന്തമെന്ന് ആരും പറഞ്ഞില്ല.




സകലവും അവർക്ക് പൊതുവായിരുന്നു." (അപ്പോ. 4:32)

ക്രമേണ വിശ്വാസികൾ തമ്മിലുള്ള സ്നേഹവും ഐക്യതയും നഷ്ടപ്പെടുകയും, ഏഴു ശെമ്മാശ്ശന്മാരെ നീതി നിർവ്വഹണത്തിനായി നിയമിക്കേണ്ടിയും വന്നു. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ബന്ധവും ശിഥിലമായി. യഥാർത്ഥത്തിൽ ഭാര്യാഭർത്താക്കന്മാർ എങ്ങനെ ഐക്യതയിൽ ജീവിക്കണമെന്ന് വി. പൗലോസ് പറയുമ്പോൾ അവർ രണ്ടുപേരും ചേർന്ന് ഒരു വ്യക്തിയെപ്പോലെ ആയിത്തീരണം അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട്, ഭാര്യയോടു പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിതീരും" (എഫേ. 5:31) "ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു" (എഫേ. 5:28)

ദൈവം പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക കഴിവുകൾ നൽകിയിരിക്കുന്നു. അതിനാൽ രണ്ടുപേരും കൂടി ചേരുമ്പോൾ പൂർണ്ണതയുണ്ടാകുന്നു. ആര് വലിയവനെന്ന ചിന്തയ്ക്ക് ഇവിടെ സ്ഥാനമില്ല.

വിവാഹ കൂദാശയിൽ കിരീടത്തിന്റെ സ്ഥാനത്ത് കുരിശുമാല, തലയിൽ ആഘോഷിച്ചു കഴുത്തിൽ ഇടുന്നു. സ്വയപരിത്യാഗ സ്നേഹത്തിന്റെ പ്രതീകമാണ് കുരിശ്. സ്വർഗ്ഗീയ മണവാളനായ യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വപ്രാണനെ സമർപ്പിച്ചപ്പോൾ, മുൾക്കിരീടം ധരിച്ചു. അതുപോലെ മണവാളനും മണവാട്ടിയും, രണ്ടുപേരും, സ്വയപരിത്യാഗ സ്നേഹത്താൽ മകുടം ചാർത്തപ്പെടണമെന്ന അപേക്ഷയാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. അപ്പോൾ പ്രധാന കാർമ്മികൻ ഇങ്ങനെ ചൊല്ലുന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു കിരീടം ആഘോഷത്തോടെ കർത്തൃ കൈയാൽ ഇറങ്ങുന്നു. പട്ടക്കാരൻ അത് മണവാളന്റെ (മണവാട്ടിയുടെ) തലയിൽ വയ്ക്കുന്നു." ഒരാൾക്ക് മാത്രമല്ല, രണ്ടു പേർക്കും ഇതു നൽകുന്നു.

പുരുഷനും സ്ത്രീയ്ക്കും എല്ലാ കാര്യങ്ങളിലും ഒരുപോലെ പങ്കാളിത്തം വേണമെന്നില്ല. അവരുടെ താലന്തുകൾ വിഭിന്നമാണല്ലോ. എന്നാൽ ഭരണകാര്യത്തിൽ ഭവനത്തിലും പള്ളിയിലും സ്ത്രീക്കും പങ്കാളിത്തം വേണ്ടതാണ്. പള്ളിയിലെ പൊതുയോഗത്തിൽ സംബന്ധിക്കുന്നതിനും, ചില ചുമതലകൾ ഏൽക്കുന്നതിനും, സ്ത്രീകൾക്ക് അവകാശമുണ്ടായിരിക്കേണ്ടല്ലേ? ഇത്രയും നാൾ സ്ത്രീകളെ അവഗണിച്ചതിന് സഭ ക്ഷമചോദിക്കേണ്ടതല്ലേ?

സ്ത്രീകൾക്ക് പട്ടം കൊടുക്കണമെന്ന് ഞാൻ പറയുന്നില്ല. വേദശാസ്ത്രപരമായി സ്ത്രീകൾക്ക് പട്ടം കൊടുക്കുന്നതിന് തടസ്സമില്ലെങ്കിലും, കർത്താവ് സ്ത്രീകൾക്കു പ്രത്യേക പട്ടത്വം നൽകിയില്ലാത്തതിനാൽ ആ പാരമ്പര്യമാണ് സഭ പാലിക്കുന്നത്. എന്നാൽ പൊതു പൗരോഹിത്യം സ്ത്രീകൾക്കും ഉണ്ട്. ശരീരത്തിലെ വിവിധ അവയവങ്ങൾ വിവിധ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതുപോലെ, പൗരോഹിത്യ കർമ്മങ്ങൾ പുരുഷന്മാർക്കായി വേർതിരിച്ചിരിക്കുകയാണ്.

മലങ്കരസഭയുടെ ഭരണഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം, അസോസ്യേഷനാകയാൽ, മലങ്കര അസോസ്യേഷൻ ആവശ്യമായ തീരുമാനങ്ങൾ എടുക്കുമെന്ന് പ്രത്യാശിക്കാം. അമേരിക്കൻ മെത്രാസനത്തിലെ ചുമതലക്കാരനെന്ന നിലയിൽ ഇതിനായി ഞാൻ പ. ബാവാ തിരുമേനിക്ക് നേരത്തേ അപേക്ഷ കൊടുത്തിട്ടുണ്ട്. ❖


## റാങ്ക് കരസ്ഥമാക്കി



സ്ക്കൂൾ ലെവൽ വിദ്യാർത്ഥികൾക്കുവേണ്ടി ഫെബ്രുവരിയിൽ യൂണിഫൈഡ് കൗൺസിൽ നടത്തിയ സ്റ്റേറ്റ് ലെവൽ സയൻസ് റ്റാലന്റ് സേർച്ച് പരീക്ഷയിൽ (തമിഴ്നാട്) ജില്ലാ തലത്തിൽ നാലാം ക്ലാസ്സിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശെബാ മിറിയം ഡേവിഡ്, വെല്ലൂർ ഐഡാ സ്കഡർ സ്ക്കൂൾ വിദ്യാർത്ഥിനിയാണ്. സംസ്ഥാന തലത്തിൽ നടന്ന ഈ പരീക്ഷയിൽ നിന്നാണ് ശെബാ തെരഞ്ഞെടുക്കപ്പെട്ടത്. 2005-ലും ദേശീയ തലത്തിൽ നടന്ന സയൻസ് റ്റാലന്റ് സേർച്ച് പരീക്ഷയിൽ 94.67 പോയിന്റ് മാർക്ക് വാങ്ങി ഒന്നാം റാങ്ക് കരസ്ഥമാക്കിയിരുന്നു. 2006-ൽ ന്യൂ സൗത്ത് വെയിൽസ് സർവ്വകലാശാല, സ്ക്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി വിവിധ വിഷയങ്ങളിലായി നടത്തിയ ഓസ്ട്രേലിയൻ എഡ്യുക്കേഷണൽ അസ്സസ്മെന്റ് പരീക്ഷയിലും ഇംഗ്ലീഷിൽ ഡിസ്റ്റിംഗ്ഷൻ നേടിയിട്ടുണ്ട്.

കോന്നി വകയാർ കമുകുംപള്ളി ഇ. ഡി. ഡാനിയേലിന്റെയും മറിയാമ ഡാനിയേലിന്റെയും കൊച്ചുമകളും, വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ കെമിക്കൽ എൻജിനീയറിംഗിൽ അസി. പ്രൊഫ. ഡോ. ഡേവിഡ് കെ. ഡാനിയേലിന്റെയും അതേ യൂണിവേഴ്സിറ്റിയിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിൽ അനലിറ്റിക്കൽ കെമിസ്റ്റുമായ ശ്രീമതി അന്നാമ്മ ഡാനിയേലിന്റെയും മകളുമാണ്. *Adv.*



# എഴുപത്തിയഞ്ചിന്റെ നിറവിൽ മാർ യൗസേബിയോസ്

മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിക്ക് ഇത് എഴുപത്തിയഞ്ചിന്റെ നിറവ്. എഴുപത്തിയഞ്ചാം വയസ്സിൽ റിട്ടയർമെന്റിന് സന്നദ്ധമായിരുന്ന മനസ്സ് മലങ്കരസഭയോടു സംസാരിക്കുന്നു.

? തിരുമേനി എഴുപത്തിയഞ്ചിൽ റിട്ടയർചെയ്യും എന്ന് പറഞ്ഞിരുന്നല്ലോ?

= ശരിയാണ്. ഞാൻ പറഞ്ഞിരുന്നു എഴുപത്തിയഞ്ച് എന്നുള്ളത് എൺപത് എന്ന് തത്വത്തിൽ സുന്നഹദോസ് അംഗീകരിച്ചിട്ടുണ്ട്. സുന്നഹദോസ് തീരുമാനം അനുസരിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. മെത്രാപ്പോലീത്താമാർക്ക് റിട്ടയർമെന്റ് അനിവാര്യമാണ് എന്ന് ഇപ്പോഴും ഞാൻ വിശ്വസിക്കുന്നു.

? തിരുമേനിയുടെ കബറടക്കത്തെപ്പറ്റിയുള്ള അഭിപ്രായത്തിനെതിരെ വലിയ കോലാഹലം ഉണ്ടായല്ലോ?

= ഞാൻ പറഞ്ഞിരുന്നത് സന്ദർഭത്തിൽ നിന്നടർത്തിമാറ്റി എഴുതിയതാണ് പ്രശ്നം. ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്ര വിശുദ്ധിയിലും സ്നേഹത്തിലും ലാളിത്യത്തോടെ മുന്നേറുകയാണ്. സ്നേഹം അനുഭവിച്ചും പങ്കു വച്ചും ജീവിക്കുവാനുള്ളതാണ്. അവിടെ ആഡംബരത്തിനോ ആർഭാടത്തിനോ ധാരാളിത്വത്തിനോ സ്ഥാനമില്ല. ക്രിസ്തുവിനെ അനുഗമിക്കുന്നവർ ലളിതമായി ജീവിച്ച് മറ്റുള്ളവരെയും ജീവിക്കുവാൻ സഹായിക്കുകയാണ് വേണ്ടത്. ഈ ലാളിത്യം പ്രസംഗത്തിൽ മാത്രമല്ല പ്രവർത്തിയിലും ആവശ്യമാണ്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും – ആഹാരത്തിലും വസ്ത്രത്തിലും പാർപ്പിടത്തിലും വാഹനത്തിലും എല്ലാം ഈ ലാളിത്യം ബാധകമാണ്. മരണത്തിലും മരണാനന്തര ചടങ്ങുകളിലും ഈ ലാളിത്യം ആവശ്യമാണ്. മരണാനന്തര ചടങ്ങുകളിൽ അധികച്ചെലവ് ഉണ്ടാക്കുന്നത് സാമൂഹ്യദ്രോഹമായിട്ടേ എനിക്കു തോന്നുന്നുള്ളൂ. ഈ ആശയമാണ് മാക്കാംകുന്ന് കൺവൻഷനിലെ സമാപന സമ്മേളനത്തിലും ഞാൻ നൽകിയത്.

? മാനേജിംഗ് കമ്മറ്റിയിൽ മെത്രാപ്പോലീത്താമാരുടെ സ്വകാര്യ സമ്പാദ്യത്തെപ്പറ്റി ചോദ്യങ്ങൾ ഉണ്ടായല്ലോ? ഇത്തരം ചോദ്യങ്ങൾക്ക് വഴിവക്കുന്നത് അഭിലഷണീയമാണോ?

= മെത്രാപ്പോലീത്തമാരും മനുഷ്യരാണ്, മാനുഷീക ബലഹീനത അവർക്കും ഉണ്ടാകും. സ്വകാര്യസമ്പാദ്യം അഭിലഷണീയമല്ല. എന്റെ സമ്പാദ്യത്തിലും വ്യക്തമായ കണക്കുകളും രേഖകളുമുണ്ട്. അത് വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. വിശദീകരിക്കുകയാണെങ്കിൽ ഭവന സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, വൈദ്യ സഹായം, വിവാഹ സഹായം, സ്വയം തൊഴിൽ, വൈദീക ക്ഷേമ പദ്ധതി, വയോവൃദ്ധർക്കുള്ള ഭവനം, മാനസീക വൈകല്യമുള്ള കുട്ടികൾക്കുള്ള സ്ക്കൂൾ, തുടങ്ങിയവ ഭദ്രാസനത്തിലും, തടാകം ആശ്രമത്തിൽ ബാലഭവൻ, ഗ്രാമീണ മെഡിക്കൽ മിഷൻ, തുടങ്ങിയ പദ്ധതികൾക്കും എനിക്കു ലഭിക്കുന്ന പണം വിനിയോഗിക്കുന്നു. അതിന് വ്യക്തമായ കണക്കുകൾ ഉണ്ട്. ഒരു സ്വകാര്യ ബാങ്കിലും എനിക്ക് അക്കൗണ്ടില്ല.

? ട്രസ്റ്റുകൾ, സൊസൈറ്റികൾ മുതലായവ മെത്രാപ്പോലിത്തമാർ രജിസ്റ്റർ ചെയ്യുകയും സഭാ ശുശ്രൂഷയെക്കാൾ പ്രാധാന്യം അവരുടെ പ്രസ്ഥാനത്തിന് നൽകുകയും ചെയ്യുന്നു എന്ന പരാതിയുമുണ്ടല്ലോ?

= എന്റെ പേരിൽ ഒരു ട്രസ്റ്റും, സൊസൈറ്റിയും ഇല്ല. ഞാൻ ഏതെങ്കിലും തുടങ്ങിയിട്ടുണ്ടെങ്കിൽ അത് ഭദ്രാസന വകയാണ്, ആശ്രമത്തിന്റേതാണ്, സർവ്വോപരി അത് സഭയുടേതാണ്. സഭയെക്കാൾ ഉപരി വ്യക്തിയോ, സ്ഥാപനമോ, പ്രസ്ഥാനമോ ഉണ്ടാവരുത്.

? അനന്തമായ് നീളുന്ന സഭാ കേസുകൾ?

= ഒരു വാക്കിൽ ഉത്തരം പറയാവുന്നതല്ലല്ലോ. ക്രിസ്തുവിന്റെ ശരീരമാണ് സഭ. അതിനെ കർത്താവ് നോക്കും. നാം മുട്ടിപ്പായ് പ്രാർത്ഥിക്കണം. എനിക്കു ശുഭപ്രതീക്ഷയാണുള്ളത്. സഭാ കേസുകൾ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യണം. പ്രാവിനെപ്പോലെ നിഷ്കളങ്കവും പാമ്പിനെപ്പോലെ ബുദ്ധിയും വേണമെന്നാണല്ലോ കർത്താവ് പഠിപ്പിച്ചത്.

? മെത്രാപ്പോലീത്താമാർ ജനങ്ങളിൽ നിന്നകലുന്നു എന്ന പരാതി?

= എന്നെ സംബന്ധിച്ച് ഇത് ശരിയല്ല. ഇടവക മെത്രാപ്പോലീത്താ എന്നതിലുപരി പലപ്പോഴും മറ്റു പല പ്രസ്ഥാനങ്ങളിലും – എം.ജി.ഒ.സി.എസ്.എം., മിഷൻ ബോർഡ്, തടാകം ആശ്രമം, ഇടവക വിശ്വാസികളുടെ കൂദാശാ പരമായ കാര്യങ്ങളിലും മുഴുകുന്നത് ഇതിനു കാരണമാകാം.

? നിയുക്ത കാതോലിക്കായെ തിരഞ്ഞെടുക്കുവാൻ സെപ്റ്റംബറിൽ അസ്സോസിയേഷൻ കൂടുകയാണല്ലോ? തിരുമേനിയുടെ പേരും പറഞ്ഞ് കേൾക്കുന്നല്ലോ?

മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്താമാരെല്ലാം അതിന് യോഗ്യരാണ്. റെയിൽവേ ഉദ്യോഗം ഒഴിച്ച് ബാക്കി എല്ലാ ചുമതലകളും എന്നെ പിടിച്ചേൽപ്പിച്ചതാണ്. ഏതെങ്കിലും സ്ഥാനത്തിനുവേണ്ടി അനധികൃതമായി ഞാൻ ഓടിയിട്ടില്ല. ഏൽപ്പിക്കുന്ന ഒരു ചുമതലയിൽ നിന്നും ഞാൻ ഒഴിഞ്ഞു മാറിയിട്ടുമില്ല. ദൈവകൃപയാൽ ഏൽപ്പിച്ച ചുമതലകളിൽ പരാജയം സംഭവിച്ചിട്ടുമില്ല. ദൈവമാണ് തെരഞ്ഞെടുക്കേണ്ടത്. അതാതിന്റെ സമയത്ത് അതാതു കാര്യങ്ങൾ ദൈവം നടത്തിക്കൊള്ളും.

? നിയുക്ത കാതോലിക്കായുടെ തെരഞ്ഞെടുപ്പിലും പ്രായപരിധി മാനദണ്ഡമാക്കേണ്ടതല്ലേ?

= വ്യക്തിപരമായ അഭിപ്രായത്തിൽ അറുപതിനടുത്ത് പ്രായമുള്ള ആരെയെങ്കിലും ആക്കുകയാണെങ്കിൽ അടുത്ത പത്ത് പതിനഞ്ച് വർഷത്തേക്ക് അവർക്ക് ക്രിയാത്മകമായി പ്രവർത്തിക്കാൻ സാധിക്കും. അവിടെയും ദൈവയിഷ്ടമാണ് നടക്കേണ്ടത്.

? ട്രൈബൂണലിന്റെ അധ്യക്ഷനായി തിരുമേനിയുടെ പേര് നിർദ്ദേശിച്ചത് നിയുക്ത കാതോലിക്കാ മത്സരത്തിൽ നിന്നും അങ്ങയെ ഒഴിവാക്കാനാണോ?

= എഴുതാപ്പുറം വായിക്കുന്നില്ല. ഇത് ഒരു നിയോഗമാണ്. സഭ ആവശ്യപ്പെടുന്നത് അനുസരിക്കുക എന്നതാണ് എന്റെ പ്രമാണം.

? കഴിഞ്ഞ എഴുപത്തിയഞ്ചു വർഷക്കാലം എങ്ങനെ കാണുന്നു?

= ദൈവകൃപയുടെ അനിർഗ്ഗള പ്രവാഹത്തിന്റെ ഉത്തമ ഉദാഹരണമായി എന്റെ ജീവിതത്തെ കാണുന്നു. തിരിഞ്ഞു നോക്കുമ്പോൾ കുറ്റബോധമോ മനസ്താപമോ എനിക്കില്ല. വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമായ പ്രകാരം എല്ലാ തലങ്ങളിലും – റെയിൽവേക്കാരനായും, അച്ചനായും, അദ്ധ്യാപകനായും, ആശ്രമസ്ഥനായും, ഇപ്പോൾ മെത്രാപ്പോലീത്തായായും – ഏറ്റെടുത്തിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നു. ദൈവത്തിന്റെ മുമ്പാകെയല്ലാതെ മറ്റാരുടെയും മുമ്പാകെ തലകുനിക്കേണ്ട ആവശ്യവും എനിക്കില്ല.

*റെയിൽവേ ജീവനക്കാരനായി ജീവിതം ആരംഭിച്ച ഫീലിപ്പോസ് തോമസ് റെയിൽവേ ജോലി രാജിവച്ച് വൈദീക പഠനത്തിനു ചേർന്നു. തുടർന്ന് കൽക്കട്ടാ ബിഷപ്പ്സ് കോളേജിലും ഓർത്തഡോക്സ് വൈദീക സെമിനാരിയിലും 13 വർഷക്കാലം ചരിത്ര അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ, സഭാ മിഷൻ ബോർഡ് കോ-ചെയർമാൻ, എം.ജി.ഒ.സി.എസ്.എം. പ്രസിഡന്റ്, മലങ്കരസഭ മാസിക എഡിറ്റോറിയൽ ബോർഡ് പ്രസിഡന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് എക്യുമെനിക്കൽ റിലേഷൻസ് ചെയർമാൻ, തടാകം ക്രിസ്തുശിഷ്യ ആശ്രമം ആചാര്യ, സുന്നഹദോസ് സ്റ്റാന്റിംഗ് കമ്മറ്റി അംഗം, ഓറിയന്റൽ ഓർത്തഡോക്സ്-റോമൻ കത്തോലിക്ക ഇന്റർ നാഷണൽ തിയോളജിക്കൽ ഡയലോഗ് കമ്മീഷൻ മെമ്പർ, W.C.C. യുടെ ഓർത്തഡോക്സ്-റോമൻ കാത്തലിക് ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് മെമ്പർ (2006 ജനുവരി ബ്രസീൽ അസംബ്ലി വരെ) എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.*

***ഫാ. തോമസ് പി. മുകളിൽ***





# വേണം പഴയ സെമിനാരിക്കൊരു മാസ്റ്റർ പ്ലാൻ

**എം കുര്യൻ തോമസ്**

വൈദീകരെ പഠിപ്പിക്കുന്ന സെമിനാരി. ഓർത്തഡോക്സുകാർക്കും ഒരു പരിധിവരെ മലയാളികൾക്കും ഇന്ന് പഴയസെമിനാരി അതുമാത്രമാണ്. മലങ്കരസഭയെ സംബന്ധിച്ചുപോലും ഇതു വളരെ സങ്കുചിതമായ ഒരു കാഴ്ചപ്പാടാണ്. മലങ്കരസഭയുടെ ആദ്യ പൊതുസ്വത്ത്, അനേകം ചരിത്രസംഭവങ്ങളുടെ രംഗവേദി, മലങ്കര മെത്രപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനം, പ. വട്ടശ്ശേരിൽ തിരുമേനിയടക്കം സഭാചരിത്രത്തിന്റെ ഗതിനിർണ്ണയിച്ച നാലു പിതാക്കന്മാരുടെ അന്ത്യവിശ്രമസ്ഥലം എന്നിങ്ങനെ അനേകം പ്രാധാന്യങ്ങൾകൂടി പഴയ സെമിനാരിക്കുണ്ട്.

ഇതിനേക്കാളുപരി സാംസ്ക്കാരിക കേരളത്തിന്റെ ഗതി മാറ്റിയ ചരിത്രഭൂമികൂടിയാണ് പഴയ സെമിനാരി. ഇന്നു പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും പഴയ വൈദീക സെമിനാരിയും ഇന്ത്യയിലെ ആദ്യത്തെ റോമൻ കത്തോലിക്കേതര സെമിനാരിയുമാണ് പഴയ സെമിനാരി. കേരളത്തിൽ ആദ്യം ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചതും, കേരളത്തിൽ ആദ്യം മലയാളം അച്ചടിച്ചതും ഇവിടെയാണ്. അച്ചടിച്ച ഗ്രന്ഥങ്ങളുടെ കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാലയും പഴയ സെമിനാരിയിലാണ് ഇന്ന് കേരളത്തിലെ പ്രസാധനത്തിന്റെ 80 ശതമാനത്തിലധികം നടക്കുന്ന കോട്ടയത്തെ ആദ്യ പ്രസാധനശാല പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ സ്ഥാപിച്ച മാർ തോമസ് അച്ചുകൂടമാണ്. 1818– ൽ യുറോപ്യനടക്കം ആറു ഭാഷകൾ പഠിപ്പിച്ചിരുന്ന പഴയ സെമിനാരിയെ കേരളത്തിലെ ആദ്യത്തെ ഉന്നതവിദ്യാഭ്യാസ കേന്ദ്രമായി വിശേഷിപ്പിക്കുന്ന സാമൂഹിക ശാസ്ത്രജ്ഞരുണ്ട്. കേരളത്തിലെ ആധുനിക വിദ്യാഭ്യാസ വിപ്ലവം ആരംഭിച്ചത് പഴയ സെമിനാരി സ്ഥാപനം മൂലമാണ്. എന്തിന്? കോട്ടയം നഗരത്തിന്റെ ഉൽഭവവും അക്ഷരനഗരമായി അതിന്റെ വികസനവും പഴയ സെമിനാരിക്ക് അവകാശപ്പെട്ടതാണ്. ഇത്രയൊക്കെ പ്രാധാന്യമുള്ള പഴയസെമിനാരി കേരളത്തിന്റെ സാംസ്ക്കാരിക-ടുറിസം ഭൂപടങ്ങളിൽ സ്ഥാനം പിടിക്കാതെ പോയതിന് ഉത്തരവാദികൾ സഭാ അധികാരികൾ മാത്രമാണ്. ഇന്നല്ലെങ്കിൽ നാളെ ഈ പുണ്യഭൂമിയുടെ പ്രാധാന്യം ലോകശ്രദ്ധയിൽപ്പെടും എന്നത് ഉറപ്പാണ്.

ഈയൊരു കാഴ്ചപ്പാട് പഴയ സെമിനാരി പരിസരത്തിന്റെ വികസന പദ്ധതിയിൽ ഉണ്ടാകണം. ഇന്ന് അവിടെ പ്രവർത്തിക്കുന്ന ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ വികസനാവശ്യങ്ങൾക്കുവേണ്ടി മാത്രമുള്ള നിർമ്മാണ

# ബുദ്ധിമാൻ

ഫാ. തോമസ് പി.




പ്രവർത്തനങ്ങളാണ് പഴയ സെമിനാരിയിൽ നടക്കുന്നത്. തീർച്ചയായും ഓർത്തഡോക്സ് വൈദിക വിദ്യാഭ്യാസത്തിന്റെ പതാകവാഹകർ എന്ന അതുല്യമായ സ്ഥാനം എന്നും പഴയ സെമിനാരിക്കുണ്ടായിരിക്കും. എത്ര സെമിനാരികൾ വേറെയുണ്ടായാലും പഴയ സെമിനാരിയുടെ പ്രഥമസ്ഥാനം മാറാനോ മാറ്റാനോ പാടില്ല. അതിനേക്കാൾ ഉയർന്ന തലത്തിൽ, സഭയുടെ സിരാകേന്ദ്രമായും കേരളത്തിന്റെ സാംസ്കാരിക പിതൃഭൂമിയായും കണക്കാക്കിയുള്ള ഒരു വികസന കാഴ്ചപ്പാടാണ് പഴയ സെമിനാരിക്കുണ്ടാകേണ്ടത്.

കോട്ടയം നഗരത്തിൽ തിരക്കുകളിൽ നിന്നകന്ന് മൂന്നുവശവും മീനച്ചിലാർ അതിരിടുന്ന പഴയ സെമിനാരി പുരയിടത്തിന് ഒരു തപോവനത്തിന്റെ ശാന്തതയുണ്ട്. ഈ ശാന്തി ഭഞ്ജിച്ചുകൂടാ. പ്രത്യേകിച്ചും പഴയ സെമിനാരി സ്ഥാപനകാലംമുതൽ ഒരു ദയറാ ആയതിനാൽ. എന്നാൽ അവിടെ ആവശ്യമുള്ള – പ്രത്യേകിച്ചും വൈദീക സെമിനാരിക്ക്– വികസന പ്രവർത്തനങ്ങൾക്ക് മുടക്കം വരാനും പാടില്ല. സെമിനാരി പുരയിടം കോൺക്രീറ്റ് വനമാകാൻ അനുവദിച്ചുകൂടാ.സെമിനാരി മതിൽക്കെട്ടിനു പോലും ഒരു കേരളീയശൈലി ഉണ്ടായിരിക്കണം.

ഇതിന് ഏറ്റവും അത്യന്താപേക്ഷിതം സമഗ്രമായ ഒരു മാസ്റ്റർ പ്ലാനാണ്. സെമിനാരി പുരയിടത്തെ മൊത്തം കണ്ടുകൊണ്ട് വൈദീക സെമിനാരിയുടെയും സഭയുടെയും ഭാവി ആവശ്യങ്ങൾ പരിഗണിച്ച്, പ്രെഫഷണലായി നിർമ്മിക്കുന്ന ഒരു മാസ്റ്റർ പ്ലാൻ ചർച്ചകളിലൂടെ വിദഗ്ദ സഹായത്തോടെ നിർമ്മിക്കണം. സെമിനാരി പറമ്പിന്റെ ഹരിതഭംഗി, പുരാതന വാസ്തുവിദ്യ, പിതാക്കന്മാരുടെ കബറിടങ്ങളുടെ സാന്നിദ്ധ്യം, സർവോപരി സെമിനാരിയുടെ ദയറാസ്ഥാനം ഇവയുടെ അടിസ്ഥാനത്തിലാവണം മാസ്റ്റർ പ്ലാൻ തയാറ്ക്കേണ്ടത്. പുതിയ നിർമാണ പ്രവർത്തനങ്ങൾ ഈ മാസ്റ്റർ അനുസരിച്ചു മാത്രം നടത്തണം.

ഈ ലേഖകന്റെ അഭിപ്രായത്തിൽ പഴയ സെമിനാരി പുരയിടത്തിന്റെ മാസ്റ്റർ പ്ലാനിൽ പ്രധാനമായി പരിഗണിക്കേണ്ടുന്നവ താഴെ പറയുന്നവയാണ്.

1. **ഓർത്തഡോക്സ് സെമിനാരിയുടെ വികസനം:** അടുത്ത 5,10,15,25 വർഷങ്ങളിൽ തിയോളജിക്കൽ സെമിനാരിക്കും അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉണ്ടാകാവുന്ന വികസനവും അതിനാവശ്യമായ കെട്ടിടങ്ങളും സെമിനാരിഫാക്കൽറ്റിയും പ. സുന്നഹദോസും പഠിച്ച് വിഭാവനം ചെയ്യുക. കഴിവതും കുറച്ച് ഭൂമി ഉപയോഗിച്ച് കൂടുതൽ നിലകളിൽ ഇത്തരം കെട്ടിടങ്ങൾ നിർമിക്കാനും അവ കഴിവതും സമീപസ്ഥമാക്കാനും ശ്രദ്ധിക്കണം.

2. **ചാപ്പലും കബറിടങ്ങളും:** ചരിത്രമുറങ്ങുന്ന സെമിനാരി ചാപ്പൽ പൊളിച്ചു പണിയുക എന്നത് അചിന്ത്യമാണ്. അതേപോലെ കബറിടങ്ങളും. പെരുന്നാൾകാലത്ത് താൽക്കാലിക സംവിധാനങ്ങൾ ഒരുക്കുന്നതൊഴികെ മറ്റൊരു നിർമ്മാണ പ്രവർത്തനവും നടത്താതെ അവയുടെ തനിമ നിലനിർത്തുക. 1983ൽ സ്ഥലദൗർലഭ്യംമൂലം സെമിനാരിചാപ്പൽ പൊളിച്ചുപണിയണമെന്ന ചിലരുടെ ആവശ്യം പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവ

*ശേഷം 30–ാം പേജിൽ....*





# പ്രൊട്ടസ്റ്റന്റ് സഹവാസം

**എം. കുര്യൻ തോമസ്**

### വേദപുസ്തക പരിഭാഷ

വേദപുസ്തകം മലയാളത്തിൽ പരിഭാഷപ്പെടുത്തി അച്ചടിച്ചു നൽകാമെന്ന ഡോ: ബുക്കാനന്റെ വാഗ്ദാനം വലിയ മാർ ദിവന്യാസ്യോസ്(ആറാം മാർത്തോമ്മ) സ്വീകരിച്ചു. പണ്ഡിതനായ കായംകുളം പീലിപ്പോസ് റമ്പാനെ അദ്ദേഹം പരിഭാഷയ്ക്കായി നിയോഗിച്ചു.[97] ചില ചരിത്രകാരൻമാരുടെ അഭിപ്രായത്തിൽ, ബുക്കാനന്റെ വരവിനു മുമ്പുതന്നെ കായംകുളം പീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ പരിഭാഷ ആരംഭിച്ചിരുന്നു.[98]

ഇത് വിപ്ലവകരമായ ഒരു കാൽവെപ്പായിരുന്നു. അതും ആരാധന ദേവഭാഷയിൽ–ഹിന്ദുവിനു സംസ്കൃതം, നസ്രാണിക്ക് സുറിയാനി– അല്ലാതെ നടത്തുന്നതിനെപ്പറ്റി ചിന്തിക്കുവാൻ പോലും സാദ്ധ്യമല്ലത്ത യാഥാസ്ഥിതിക കേരളസമൂഹത്തിൽ. വായനപ്പടി ഏവൻഗേലിയോന്റെ രൂപത്തിൽ തലവാചകങ്ങളോടെ പരിഭാഷപ്പെടുത്തിയ നാലു സുവിശേഷങ്ങൾ 1811 ൽ ബോംബയിലെ കൂറിയൻ പ്രസിൽ അച്ചടിപ്പിച്ച് മലങ്കരയിലെത്തി. ഇതായിരുന്നു പരിഭാഷായുഗത്തിലെ ഒന്നാമത്തെ ചുവടുവെയ്പ്പ്.

### പ്രൊട്ടസ്റ്റന്റു യുഗാരംഭം

സെമിനാരിയിൽ വൈദികർക്ക് ആധുനിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ആംഗ്ളിക്കൻ മിഷിനറിമാരെ സെമിനാരി അദ്ധ്യാപകരായി സഭ സ്വീകരിച്ചത്. മലങ്കര സഭയുടെ ദൗർഭാഗ്യം മൂലം ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ചു വിഭാഗക്കാരായ സി. എം. എസ്. മിഷിനറിമാരാണ് അവിടെ അദ്ധ്യാപകരായി എത്തിയത്. സെമിനാരി സ്ഥാപനത്തിനു പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ (പിന്നീട് മാർ ദീവന്നാസ്യോസ് 2) സഹായിച്ച തിരുവതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റും ദിവാനുമായിരുന്ന കേണൽ മൺട്രോ, ആംഗ്ലിക്കൻ ആരാധനാക്രമങ്ങൾ പരിഭാഷപ്പെടുത്താൻ മിഷിനറിമാരോട് അഭ്യർത്ഥിച്ചു. വിദൂരഭാവിയിൽ അവയെ മലങ്കരസഭ സ്വന്തം ക്രമങ്ങളായി അംഗീകരിയ്ക്കുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.[99]

കേണൽ മൺട്രോ ഈ അഭിപ്രായം പ്രകടിപ്പിയ്ക്കുന്ന 1818 നു മുമ്പുതന്നെ ബ്രിട്ടീഷ് അധികാരത്തിന്റെ അഹന്തയും പ്രൊട്ടസ്റ്റന്റു തീവ്രതയും ഉണ്ടായിരുന്ന സി. എം. എസ്. മിഷിനറിമാർ ആംഗ്ലിക്കൻ ക്രമങ്ങളുടെ പരിഭാഷ ആരംഭിച്ചിരുന്നു. ഒരു പടികൂടെ കടന്ന് ആംഗ്ലിക്കൻ സഭയുടെ ഔദ്യോഗിക പ്രാർത്ഥനാ പുസ്തകമായ ബുക്ക് ഓഫ് കോമൺ പ്രയേഴ്സ് റവ: തോമസ് നോർട്ടൻ എന്ന മിഷിനറി പരിഭാഷപ്പെടുത്തി. ഇത് മലങ്കരസഭയുടെ അംഗീകൃത പള്ളിക്രമങ്ങൾക്ക് ഒരു മാതൃക എന്ന നിലയിൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ചു. എങ്കിലും സഭ ഈക്രമം അംഗീകരിച്ചില്ല.[100]

### മാവേലിക്കര യോഗം

മലങ്കരയിലെ പള്ളിക്രമങ്ങൾ പരിഷ്കരിക്കണം എന്ന് മിഷിനറിമാരുടെ സ്വാധീനവും സമ്മർദ്ദവും വർദ്ധിച്ചുവന്നപ്പോൾ ആതിനെക്കുറിച്ച് ആലോചിക്കുന്നതിന് 1818 ഡിസംബർ 3നു മാവേലിക്കരയിൽ ഒരു മലങ്കര പള്ളിയോഗം വിളിച്ചു കൂട്ടി. സി. എം. എസ്. മിഷനറി ബേക്കർ ഫെൻ. അദ്ധ്യക്ഷവേദിയിൽ നിന്നു കൊണ്ട് പരിഷ്കരണം ആവശ്യമാണന്ന് പ്രസ്താവിച്ചു. കോനാട്ടു മല്പാൻ തുറന്ന് എതിർത്തതിനാലും ജനപ്രതിനിധികൾ അംഗീകരിക്കാതിരുന്നതിനാലും ഈ ശ്രമം പരാജയപ്പെട്ടു.[101] ഇത് മിഷിനറിമാർക്ക് ഏറ്റ ആദ്യപരാജയമായിരുന്നു.

ഈ സുന്നഹദോസിനു ഏതാനും ദിവസം മുമ്പ് നവംബർ 29നു മാവേലിക്കര പള്ളിയിൽവെച്ച് കത്തനാരൻമാരുടെ ആവശ്യപ്രകാരം ആംഗ്ലിക്കൻ ആരാധനയുടെ ഏതാനും ഭാഗങ്ങൾ റവ. തോമസ് നോർട്ടൻ ഉപയോഗിച്ചു കാണിച്ചു.[102] ഇത് സുന്നഹദോസിനു മുമ്പ് സഭ നടത്തിനോക്കിയ ഒരു പ്രയോഗിക പരീക്ഷയായി വേണം കണക്കാക്കാൻ. പക്ഷേ ആംഗ്ലിക്കൻ ആരാധനാ രീതി നസ്രാണികൾക്ക് സ്വീകാര്യമായില്ല എന്നാണ് സുന്നഹദോസിന്റെ തീരുമാനം സൂചിപ്പിക്കുന്നത്. ഇക്കാലത്തൊന്നും ബുക്ക് ഓഫ് കോമൺ പ്രയേഴ്സിന്റെ മലയാള പരിഭാഷ അച്ചടിക്കപ്പെട്ടിരുന്നില്ല. 1830ൽ മാത്രമാണ് ഇത് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയത്.[103]

### ആദ്യ കുർബാനക്രമ പരിഭാഷ

സി. എം. എസ്. മിഷിനറിമാരുടെ മലയാള പരിഭാഷകൾ നസ്രാണികളെ സ്വാധീനിക്കുവാനിടയുണ്ടന്ന വസ്തുത നസ്രാണികളും മനസ്സിലാക്കി. ആ വിധത്തിലുള്ള പരിഭാഷ ശ്രമങ്ങൾ നസ്രാണികളും ഈ കാലഘട്ടത്തിൽ ആരംഭിച്ചു. പാശ്ചാത്യ സുറിയാനി പാരമ്പരത്തിലുള്ള ആദ്യ മലയാള ആരാധനാക്രമം 1834ൽ കോനാട്ട് അബ്രഹാം മൽപ്പാൻ ഒന്നാമൻ സെമിനാരിയിൽ വെച്ച് എഴുതിയ *സ്തുതി ചൊവ്വാക്കപ്പെട്ട യാക്കോബായെക്കാറെന്നു വിളിക്കപ്പെടുന്ന സുറിയാനിക്കാര ക്രിസ്ത്യാനികൾ അന്തിയിലും മയ്യലിലും നമസ്കരിക്കൊണ്ടും ക്രമം* എന്ന ഗ്രന്ഥമാണ്.[104] ഈ കൈയ്യെഴുത്തു കൃതിയിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

1) കുരിശുവരപ്പാൻ (കൗമ) 2) സന്ധ്യനമസ്കാരം (പട്ടാങ്ങപ്പെട്ട....വരെ ഇന്നത്തേതു പോലെ തന്നെ) 3) കന്യകമറിയാമിനോടുള്ള അപേക്ഷ 4) ശയന നമസ്കാരം(ഞങ്ങൾക്കുള്ള കർത്താവേ... ഇന്നുപയോഗിക്കുന്ന തർജ്ജമ സഹിതം) 5) മാർ അപ്രേമിന്റെ അപേക്ഷകൾ 6) പാതിരായുടെ നമസ്കാരം (സങ്കീർത്തന പരിഭാഷകൾ സഹിതം) 7) പ്രഭാത നമസ്കാരം 8) പത്ത് കല്പ

20-ാം പേജിൽ നിന്നു തുടർച്ച....

പരസ്യമായി നിരസിച്ചു. ആവശ്യമെങ്കിൽ വേറെ ചാപ്പൽ പണിതുകൊള്ളുവാനായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.

3. **പ.സുന്നഹദോസിനു ചാപ്പൽ;** ലോകത്തിലെ പുരാതനമായ സഭകൾക്കെല്ലാംതന്നെ പ.എപ്പിസ്കോപ്പൽ സുന്നഹദോസു കൂടുവാനായി പ്രത്യേകം ചാപ്പലുകളുണ്ട്. മലങ്കരസഭ സമീപകാലംവരെ സെമിനാരിവളപ്പിലെ സോഫിയസെന്ററിന്റെ ചാപ്പലാണ് ഇതിനുപയോഗിച്ചു വന്നിരുന്നത്. എന്നാൽ സ്ഥലദൗർലഭ്യം മൂലവും, രഹസ്യസ്വഭാവം നഷ്ടപ്പെട്ടതിനാലും ഇന്ന് ലൈബ്രറി കെട്ടിടത്തിലെ ഒരു മുറിയിലേക്കു സുന്നഹദോസു മാറ്റി.

ഈ അവസ്ഥയ്ക്കു മാറ്റം വരണം. പഴയ സെമിനാരി വളപ്പിൽ സുന്നഹദോസിനു വേണ്ടി ഒരു ചാപ്പൽ ഉയരണം. കൂത്തമ്പലങ്ങളുടെ നിർമാണശൈലിയും, തിരുവിതാംകോട് പള്ളിയുടെ വി.മദ്ബഹായും സമജ്ഞസിപ്പിച്ച് കരിങ്കല്ലും മരവും മേച്ചിലോടും ഉപയോഗിച്ച് ചാപ്പൽ നിർമ്മിക്കണം. പുതിയ സെമിനാരി കെട്ടിടത്തിനും ലൈബ്രറിക്കും ഇടയിലുള്ള സ്ഥലം ഇതിന് അനുയോജ്യമാണ്. മലങ്കരസഭയിലെ അറിയപ്പെടുന്ന ആദ്യ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങളും പരിശുദ്ധന്മാരുമായ മാർ സാബോർ, മാർ അഫ്രോത്ത് (കാദീശന്മാർ)എന്നിവരുടെ നാമത്തിൽ ഈ ചാപ്പൽ പ്രതിഷ്ഠിച്ചാൽ അതിന് അർത്ഥപുഷ്ടിയുണ്ട്. കൂട്ടത്തിൽ മലങ്കരസഭയുടെ പാശ്ചാത്യ ബന്ധമില്ലാത്ത തനിമയുടെ ഒരു പ്രഖ്യാപനവു മാകും.

4. **സഭാ മ്യൂസിയം:** രണ്ടു സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള മലങ്കരസഭയ്ക്ക് ചരിത്രസ്മാരകങ്ങളില്ല എന്നൊരു മുൻവിധി ചിലർ വെച്ചുപുലർത്തുന്നുണ്ട്. കേരള ചരിത്രത്തിലെ ലഭ്യമായ ആദ്യ ലിഖിത രേഖകളായ *ചെപ്പേടുകൾ* മലങ്കരസഭയുടെ സ്വന്തം സ്വത്തും കൈവശവുമാണ്. ഇവയും, ലഭ്യമായ മറ്റു ചരിത്ര ശകലങ്ങളും പ്രദർശിപ്പിക്കാനോ മലങ്കരനസ്രാണികളുടെ ഒരു വിഷയാധിഷ്ഠിത പ്രദർശനം രൂപപ്പെടുത്തുവാനോ ഇതുവരെ സാധിച്ചിട്ടില്ല. ഒരു ചരിത്രസ്മാരകമായ പഴയ സെമിനാരി നാലുകെട്ട് സഭയുടെ കേന്ദ്ര മ്യൂസിയമായി രൂപപ്പെടുത്തണം. മലങ്കര മെത്രപ്പോലീത്തായുടെയും പഴയ സെമിനാരി മാനേജരുടെയും മുറികൾ ഒഴിവാക്കി കാലക്രമേണ നാലുകെട്ടു മുഴുവൻ മ്യൂസിയം വ്യാപിപ്പിക്കണം. ആധുനിക മലങ്കരസഭയ്ക്ക് ആത്മീയവും ലൗകീകവുമായും അടിസ്ഥാനമിട്ട പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്അഞ്ചാമന്റെ പേരിൽ ഈ മ്യൂസിയം സ്ഥാപിക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. അതോടൊപ്പം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആർക്കൈസ് കേന്ദ്ര ആർക്കൈവ്സായും മാർ ഔഗേൻ പ്രഥമൻ സുറിയാനി പഠന കേന്ദ്രം അന്തർദേശീയ നിലവാരമുള്ള സുറിയാനി രേഖാസഞ്ചയമായും വികസിപ്പിക്കുകയും അവിടെ ഗവേഷണ പഠനത്തിനുള്ള സൗകര്യം ഒരുക്കുകയും വേണം.

5. **കവാടം:** പഴയ സെമിനാരിക്ക് അനുയോജ്യമായ ഒരു കവാടം നിർമ്മിക്കണം കേരളീയ രീതിയിലുള്ള പടിപ്പുര മാളികയാവും അതിനുത്തമം.1984 ൽ തീരുമാനിച്ചതുപോലെ സെമിനാരി സംരക്ഷിക്കാൻ ജീവൻ ത്യജിച്ച ആനപ്പാപ്പിയുടെ നിത്യസ്മാരകമായി ഈ കവാടം പ്രതിഷ്ഠിക്കണം. പടിഞ്ഞാറുവശത്തെ ആറ്റുകടവും പുനഃസ്ഥാപിക്കണം.

പഴയ സെമിനാരിയുടെ മാസ്റ്റർപ്ലാനിൽ പ്രത്യേകം മനസ്സിരുത്തേണ്ട ഒന്നാണ് അതിന്റെ കേരളത്തനിമ. പടിപ്പുരമാളിക പോലുള്ള കവാടം കടന്ന് സെമിനാരി ഭൂമിയിൽ പ്രവേശിക്കുമ്പോൾ കേരള സംസ്ക്കാരം അനുഭവവേദ്യമാകണം. ആ മണ്ണിൽ ചവിട്ടുമ്പോൾ കോട്ടയത്തിന്റെ അക്ഷര പാരമ്പര്യം ഓർമ്മയിൽ തെളിയണം, വിദ്യയുടെ ഉത്തുംഗത അവിടെ ദൃശ്യമാകണം. അവിടെ നിൽക്കുമ്പോൾ മഹത്തായ നസ്രാണി പൈതൃകം ഉള്ളിൽ നിറയണം. ഉദാത്തമായ ഓർത്തഡോക്സ് വേദശാസ്ത്രവും, ശ്രേഷ്ഠമായ സുറിയാനി ആരാധനാ പാരമ്പര്യവും, മാർത്തോമ്മയുടെ മാർഗ്ഗവും ഞരമ്പിൽ ത്രസിക്കണം. തപോവന ശാന്തിയും ആശ്രമത്തിന്റെ കുലീനതയും അവിടെ ലഭിക്കണം. ഈ കാഴ്ചപ്പാടോടുകൂടി വേണം പഴയ സെമിനാരിയുടെ മാസ്റ്റർ പ്ലാൻ തയാറാക്കാൻ.

# SELAH

## FEEL THE MYSTERY

**Anup Joseph Eapen**

Feel the mystery
Every Heart, Every Soul,
All the world, as a whole
Come on now, Come to change the history

Feel the Mystery (2)
Say now (2) Selah

Peace and Love has been lost
From the face of the earth
Making walks of all life
Be a chance for our death
So, it needs to be bold.
and Strong in the soul
To hold your neighbor's hand
And to heed to his call
To the ends of earth
In all length and breadth
We could live as one family
Once if you try...feel the mystery (2)
Say now (2) Selah

In this world where we find
Destruction over all
Every boy and girl needs to give
Ear to your call
So lets join our hands
And be once at heart
And may we know its now
A good time to start
Face each face with smile
Let this be your style
and let, world feel the
Grace of your love that's inside...
feel the mystery (2)
say now (2) Selah




## ദൂരം പ്രശ്നമല്ല

ഒരു വ്യക്തിയുമായി ഞാൻ സംസാരിക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു ഞങ്ങളുടെ പരിശുദ്ധ പാത്രിയർക്കീസ് ബാവ അന്ത്യോഖ്യായിലിരുന്ന് ഞങ്ങളെ അനുഗ്രഹിക്കുന്നുണ്ട്. എന്ന് അപ്പോൾ ഞാൻ ചോദിച്ചു, ആ അനുഗ്രഹം നിങ്ങൾക്ക് കിട്ടുമോ? ഒരുപാട് ദൂരം ഇല്ലേ? അനുഗ്രഹത്തിന് ദൂരം ഒരു പ്രശ്നമേയല്ല. നിങ്ങൾക്ക് അറിവില്ലാത്തതു കൊണ്ടാണ് ഇങ്ങനെ സംസാരിക്കുന്നത് എന്നുത്തരം ലഭിച്ചു. ഞാൻ പിന്നെയും ചോദിച്ചു തോമാ ശ്ലീഹായ്ക്ക് 'ദൂരം' കൂടുതൽ ഉണ്ടായിരുന്നോ? അല്പം ചിന്തിച്ച് ചോദ്യത്തിന്റെ അർത്ഥം മനസിലാക്കിയ അദ്ദേഹം എനിക്കറിഞ്ഞുകൂടാ എന്നു പറഞ്ഞു സംഭാഷണം അവസാനിപ്പിച്ചു.

1970-ൽ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായ്ക്കും തോമാശ്ലീഹായുടെ പൗരോഹിത്യത്തെയും കാതോലിക്കേറ്റിന്റെ നിലനിൽപ്പിനെയും ചോദ്യം ചെയ്യുവാനുള്ള ധൈര്യം ലഭിച്ചത് ഈ 'ദൂരം' വെച്ചു കൊണ്ടായിരിക്കണം. ഉയിർത്തെഴുന്നേറ്റ ക്രിസ്തു, ശിഷ്യൻ മാരെ അനുഗ്രഹിച്ചപ്പോൾ കൂട്ടത്തിലില്ലായിരുന്ന തോമാശ്ലീഹായാക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചില്ല എന്നു പറയുന്നതു വഴി ചോദ്യം ചെയ്തത് പരിശുദ്ധാത്മാവിന്റെ ശക്തിയെയാണ്. ആ സമയം തോമാശ്ലീഹാ എവിടെയായിരുന്നാലും പരിശുദ്ധാത്മ ശക്തി അവിടെചെന്ന് തോമാശ്ലീഹായ്ക്കും കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം നൽകി എന്ന് ഉറപ്പിച്ച് പറയുവാൻ നമുക്ക് കഴിയും. അല്ലാതെ 'ദൂരം' പരിശുദ്ധാത്മ ശക്തിക്ക് തോമാശ്ലീഹായെ അനുഗ്രഹിക്കുന്നതിനു തടസമായി എന്ന് കരുതി ദൈവകോപം ഏറ്റുവാങ്ങരുത്.

വി. പത്രോസ് ശ്ലീഹ സ്വർഗ്ഗത്തിലിരുന്നു ദൈവത്തോട് യാചിച്ചുകാണും "ഭൂമിയിൽ എന്റെ പിൻഗാമികളായി നടക്കുന്നവർ ദൈവവേലയിൽ എന്റെ സഹോദരനായിരുന്ന ദിദിമോസിന്റെ പൗരോഹിത്യത്തെ ചോദ്യം ചെയ്തതു വഴി പരിശുദ്ധാത്മാവിനു വിരോധമായി ചെയ്ത തെറ്റ് അവരെ പറഞ്ഞു മനസിലാക്കുവാൻ എന്നെ അയക്കേണമേ എന്ന്" ഭൂമിയിലെ ദൈവമക്കളുടെ വാക്കു കേൾക്കാത്തവർ സ്വർഗ്ഗത്തിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റ് ചെന്ന് പറഞ്ഞാലും വിശ്വസിക്കയില്ല എന്ന് ദൈവം മറുപടിയും പറഞ്ഞുകാണും.

പഴയനിയമത്തിലെ എൽദാദും മേദാദും പുതിയനിയമത്തിലെ തോമാശ്ലീഹായും എന്ന് ചേർത്ത് വായിക്കുവാൻ വി. പത്രോസിന്റെ പിൻഗാമികൾ ഇനിയെങ്കിലും പഠിക്കണം. നട്ടുച്ചയ്ക്ക് സൂര്യനെ നോക്കി കണ്ണടച്ച് ഇരുട്ടായി എന്ന് മറ്റുള്ളവരെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കരുത്. ഇന്ത്യയുടെ കാവൽപിതാവും മലങ്കരയുടെ സൂര്യതേജസുമായ തോമാശ്ലീഹായുടെ അടിയുറച്ച വിശ്വാസം ഏറ്റുപറയുവാൻ കഴിയണം. വിശ്വാസ വിപരീതങ്ങളെ എതിർക്കുവാനും സഭയിൽ തന്നെ മറുതലിച്ച് നൽക്കുന്നവരെ ഉറപ്പിക്കുവാനുമുള്ള ശക്തിക്കായ് പ്രാർത്ഥിക്കാം. പാത്രിയർക്കീസിന്റെയും റീത്തിന്റെയും പൊള്ളയായ വാക്കുകളിൽ അകപ്പെടാതെ നമുക്ക് ഒന്നായ് പറയാം.

തോമാശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ.

***സാജൻ വി. രാജൻ, പള്ളിവാതുക്കൽ വീട്, ആയൂർ.***

## മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്,

മാസികയുടെ കഴിഞ്ഞ ലക്കത്തിലെ (2006 മെയ്) പത്രാധിപക്കുറിപ്പിനോട് അനുകൂലമായും പ്രതികൂലമായും പ്രതികരിച്ചുകൊണ്ട് സഭയിൽ ഇപ്പോഴുള്ള ചില അനൗദ്യോഗിക സംഘടനകളുടെ പേരിലും വ്യക്തിപരമായും ഉള്ള കത്തുകൾ ലഭിച്ചിട്ടുണ്ട്. എല്ലാവരോടും നന്ദി അറിയിക്കുന്നു. എല്ലാവരുടേയും അറിവിലേക്ക് ഒന്നു രണ്ടു ചിന്തകൾ കുറിക്കട്ടെ!

i) പരിശുദ്ധ സഭയുടെ കൊമ്പ് ഉയർത്തുന്നതിനു വേണ്ടിയും ദൈവനാമ മഹത്വത്തിനുവേണ്ടിയും ഏതെങ്കിലും വ്യക്തികളോ സംഘടനകളോ ചെയ്യുന്ന ഒന്നിനേയും പത്രാധിപക്കുറിപ്പ് ചോദ്യം ചെയ്തിട്ടില്ല.

ii) പത്രാധിപക്കുറിപ്പിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളെല്ലാം തന്നെ സാധാരണ വിശ്വാസികളുടെ സംശയങ്ങളാണ്. അവരുടെ സംശയങ്ങൾക്ക് വിരാമമുണ്ടാക്കേണ്ടത് നേതൃസ്ഥാനികളുടെയും സംഘടനാ ഭാരവാഹികളുടെയുമൊക്കെ കൂട്ടുത്തരവാദിത്വമാണ്.

iii) സഭ എപ്പിസ്ക്കോപ്പലാണ്. അതിലെ എപ്പിസ്ക്കോപ്പസിയെന്നത് എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും വൈദികരുടെയും വിശ്വാസികളുടെയും സമന്വയത്തിലൂടെ പ്രാവർത്തികമാക്കപ്പെടുന്നതാണ്. സഭയുടെ ഉന്നമനത്തിന് ഇനിയും അൽമായ-വൈദിക സംഘടനകളുടെ ആവശ്യകതയുണ്ട് എന്ന് ചിന്തിക്കുന്നവർ അവയ്ക്കു രൂപം നൽകി പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പു തന്നെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കുകയും പ. കാതോലിക്കാ ബാവാ തിരുമേനിയുടെ അംഗീകാര കല്പന വാങ്ങി അത് രേഖാമൂലം വിശ്വാസികളെ അറിയിക്കുകയും ചെയ്യേണ്ടതാണ്. സഭയുടെ അംഗീകാരമില്ലാതെ, രാഷ്ട്രീയത്തിലേപ്പോലെ, കൂണുപോലെ സംഘടനകൾ സഭയ്ക്കുള്ളിൽ മുളച്ചു വന്നാൽ അത് അച്ചടക്കരാഹിത്യത്തിനു കാരണമാകും.

എല്ലാവരോടും നിറഞ്ഞ സ്നേഹത്തോടെ

- പത്രാധിപർ -

## മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, മസ്ക്കറ്റ്

## 'തണൽ' ഭവന നിർമ്മാണ പദ്ധതി

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ചിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം നടപ്പാക്കുന്ന 'തണൽ' ഭവന നിർമ്മാണ പദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഭവനരഹിതർക്കായി ആദ്യഘട്ടമെന്ന നിലയ്ക്ക് അഞ്ച് വീടുകൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിലും ഉൾപ്പെട്ട ഭവനരഹിതരായവർക്ക് ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. അർഹരായ അപേക്ഷകർ താഴെ കാണുന്ന മാതൃകയിൽ അപേക്ഷകൾ തയ്യാറാക്കി Mar Gregorios Orthodox Church P.O. Box 984, P.C. 113, Muscat, Sultanate of Oman' എന്ന വിലാസത്തിൽ 31.07.2006-ന് മുൻപായി ലഭിക്കത്തക്ക വിധത്തിൽ നേരിട്ട് അയയ്ക്കേണ്ടതാകുന്നു.

### നിബന്ധനകൾ

- അപേക്ഷകന് വസ്തുവിൻമേലുള്ള ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാകുന്നു.
- അപേക്ഷകന്റെ ഉടമസ്ഥതയിൽ കുറഞ്ഞത് മൂന്ന് സെന്റ് വസ്തുവെങ്കിലും ഉണ്ടായിരിക്കണം.
- അപേക്ഷകന്റെ ഇപ്പോഴത്തെ വീടിന്റെ ഫോട്ടോഗ്രാഫ് ഇടവക വികാരിയുടെ ഒപ്പ് സഹിതം അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാകുന്നു.
- അപേക്ഷകൾ പരിഗണിക്കുന്ന പക്ഷം നിർമ്മാണപ്രവർത്തനങ്ങൾ അതാത് പള്ളികളിലെ ഇടവക വികാരിയുടെയും, തന്നാണ്ടിലെ ഇടവക ഭരണ സമതിയുടെയും മേൽ നോട്ടത്തിലായിരിക്കും നടത്തപ്പെടുന്നത്.
- മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഭരണസമിതി അംഗീകരിച്ച് നൽകിയിട്ടുള്ള പ്ലാൻ അനുസരിച്ചായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.
- ഭവനനിർമ്മാണത്തിനാവശ്യമായ മൊത്തം ചിലവിന്റെ 25% ന് തത്തുല്യമായ പങ്കാളിത്തം (തുകയോ/സേവനമായോ) തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകനോ, അദ്ദേഹം അംഗമായ ഇടവകയോ വഹിക്കേണ്ടതാകുന്നു.
- അപേക്ഷകൾ ഇടവക വികാരി, ഭദ്രാസന മെത്രാപ്പോലീത്താ എന്നിവരുടെ ശുപാർശയോടുകൂടി 31.07.2006-ന് മുമ്പായി Mar Gregorios Orthodox Church P.O. Box 984, P.C. 133, Muscat, Sultanate of Oman എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധത്തിൽ നേരിട്ട് അയയ്ക്കേണ്ടതാകുന്നു.
- M.G.O.C. മസ്ക്കറ്റ് ഭവന നിർമ്മാണ സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

NB:- അപേക്ഷാഫോറം എല്ലാ ഭദ്രാസന ആസ്ഥാനങ്ങളിൽ നിന്നും ലഭ്യമാകുന്നതാണ്.

## മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, മസ്ക്കറ്റ്

## 'തണൽ' ഭവന നിർമ്മാണ പദ്ധതി

### അപേക്ഷാഫോറം

അപേക്ഷകന്റെ പേര്.............................................................

വയസ്സ്:...............തൊഴിൽ:...................................വാർഷിക വരുമാനം:..............................

മേൽവിലാസം:.............................................................

.............................................................

ഇടവക:.................................................ഭദ്രാസനം:..............................

### ഭൂസ്വത്ത് വിവരം

ഉടമസ്ഥാവകാശിയുടെ പേര്:.............................................................

വസ്തുവിന്റെ വിസ്തീർണ്ണം:...................................സർവ്വേ നമ്പർ:..............................

ജില്ല:.................................വില്ലേജ്:...................................കര:..............................

### കുടുംബാംഗങ്ങളുടെ /ആശ്രിതരുടെ പൂർണ്ണ വിവരം

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസവരുമാനം |
|---|---|---|---|---|
| | | | | |

* മുകളിൽ വിവരിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണവും സത്യസന്ധവുമാകുന്നു.

* മുകളിൽ വിവരിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണവും സത്യസന്ധവുമാകുന്നു.

* അപേക്ഷാഫാറത്തോടൊപ്പം ചേർത്തിരിക്കുന്ന നിബന്ധനകൾ വായിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു.

സ്ഥലം: തീയതി:

അപേക്ഷകന്റെ ഒപ്പ്:

# ഞായർദിന ചിന്തകൾ

29-ാം പേജിൽ നിന്നു തുടർച്ച...

പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതാകുന്നു (1 തെസ്സ. 4:8). കാരണം അവരിലൂടെ പ്രവർത്തിക്കുന്നത് ദൈവാത്മാവാണ്. ദൈവീക പ്രവർത്തനങ്ങളെയും ദൈവ മനുഷ്യേരയും തിരസ്കരിക്കുന്നതു ദൈവത്തെ തള്ളുന്നതിന് സദൃശ്യമാണ് (യോഹ. 5:23, 15:23).

ജൂലൈ 9

**പെന്തിക്കോസ്തിക്ക് ശേഷം 5-ാം ഞായറാഴ്ച**

**വി. ലൂക്കോസ് 9:10-17**

**മരുഭൂമിയിൽ മേശ ഒരുക്കുന്ന കർത്താവ്**

**A. ആമുഖം**

ആരാധനാ വർഷത്തിൽ പലവുരു ആവർത്തിക്കപ്പെടുന്ന, ഏവർക്കും വളരെ സുപരിചിതമായ ഈ വേദഭാഗം ധ്യാനചിന്തകളാൽ നിബിഡമാണ്.

വേദഭാഗപരിച്ഛേദം: 5 അപ്പം കൊണ്ട് 5000 പേരെ തീറ്റിയ ഈ അത്ഭുത സംഭവം, പശ്ചാത്തല വിവരണത്തിൽ അല്പ സ്വല്പ വ്യത്യാസങ്ങളോടെ സമവീക്ഷണ സുവിശേഷത്തിലും വി. യോഹന്നാന്റെ സുവിശേഷത്തിലും ഒരുപോലെ ലഭിക്കുന്ന ക്രിസ്തുവിന്റെ ഏക അത്ഭുതമാണ് (വി. മത്താ. 14:13-21, മർക്കോ. 6:30-44, യോഹ. 6:1-14). വി. യോഹന്നാന്റെ സുവിശേഷത്തിലാണ് മറ്റു മൂന്ന് സുവിശേഷ പുസ്തകങ്ങളെ അപേക്ഷിച്ച് വിശദീകരണം കൂടുതലുള്ളത്. ഇതിനോട് സമാനമായ 4 അപ്പം കൊണ്ട് 7000 പേരെ തീറ്റി തൃപ്തിപ്പെടുത്തിയ സംഭവം വി. മർക്കോസിലും (8:1-10) വി. മത്തായിലും (15:32-39) മാത്രമെ ഉള്ളൂ. എല്ലാ സുവിശേഷ പുസ്തകങ്ങളിലും ഈ അത്ഭുതം ഉള്ളതിനാൽ ഇതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കപ്പെടുന്നു. സുവിശേഷപരമായി 2 പ്രത്യേകതകൾ എടുത്തു കാട്ടാവുന്നതാണ്. 1) 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു' എന്ന പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം എല്ലാ സുവിശേഷങ്ങളിലും അപ്പം വർദ്ധിപ്പിക്കുന്ന സംഭവുമായി ബന്ധപ്പെട്ടതാണ് 2) ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പം എന്ന സൂചന ഈ അത്ഭുതം നൽകുന്നു.

**B. ധ്യാനചിന്തകളും സന്ദേശങ്ങളും**

1. അസാദ്ധ്യത സാദ്ധ്യത ആക്കുന്ന യേശു കർത്താവ്

ഭൗതികമായി ചിന്തിച്ചാൽ വിജനമായ മരുഭൂമിയിൽ 5 അപ്പം കൊണ്ട് എങ്ങനെ ഇത്ര വലിയ പുരുഷാരത്തെ തീറ്റി തൃപ്തിപ്പെടുത്തുവാൻ കഴിയും? മനുഷ്യനാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാണ്. അതുപോലെ നിറഞ്ഞ സാദ്ധ്യതകളുടെ മുമ്പിൽ മനുഷ്യൻ അസാദ്ധ്യനായി നിന്നേക്കാം. മനുഷ്യന്റെ സാദ്ധ്യതകൾക്കെല്ലാം അതിരുകളും പരിമിതികളും ഉണ്ട്. എന്നാൽ അവിടുത്തേക്ക് അസാദ്ധ്യമായത് ഒന്നുമില്ല. ഈ വിശ്വാസവും ഉറപ്പുമാണ് ഒരു ദൈവ പൈതലിന് പ്രതിസന്ധികളുടെ മദ്ധ്യത്തിൽ കരുത്തേകുന്നത്.

2. പരിപൂർണ്ണ സമർപ്പണം സ്വീകരിക്കുന്ന യേശു കർത്താവ്

5 അപ്പത്തിന്റെ സ്രോതസിനെപ്പറ്റി ഭിന്നാഭിപ്രായം സുവിശേഷകന്മാർക്കിടയിലുണ്ട്. ശ്ലീഹന്മാർ കരുതിയിരുന്നതോ, ബാലകന്റെ കയ്യിലിരുന്നതോ എന്തുമാകട്ടെ, അത് പൂർണ്ണമനസ്സോടെ ദൈവകരങ്ങളിലേക്ക് സമർപ്പിച്ചപ്പോൾ തമ്പുരാൻ അതേറ്റെടുത്ത് സമൃദ്ധിയുടെ പര്യായമായി രൂപാന്തരപ്പെടുത്തി. അതുപോലെ ജനങ്ങളും തങ്ങളെത്തന്ന് വിസ്മരിച്ച് ദൈവസംസർഗ്ഗത്തിനും ദൈവവചനത്തിനും സമർപ്പിച്ചപ്പോൾ അവർ ആയിരുന്ന അവസ്ഥയിൽ അവരെ ഏറ്റെടുത്ത് നിറക്കുന്ന കർത്താവിനെയാണ് നാം ഇവിടെ കാണുന്നത്. ഏതവസ്ഥയിലുമുള്ളവർ പൂർണ്ണമായി തങ്ങളെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ അവരെ പൂർണ്ണമായി സ്വീകരിച്ചാശ്ലേഷിച്ച് മാറോടണക്കുന്ന ദൈവസ്നേഹത്തിന്റെ അഗാധം എത്രയോ ഉദാത്തമാണ്. എന്നാൽ ഈ സമർപ്പണത്തിന്റെ മാറ്റുരക്കുന്നത് ആത്മാർത്ഥതയും, സ്വയം ശൂന്യവൽക്കരണവും ആവശ്യബോധവുമാണ്.

3. ആത്മശരീര മനസ്സുകളുടെ പോഷകനായ യേശുകർത്താവ്.

ജനങ്ങളെ പിരിച്ചുവിടുവാൻ അപ്പോസ്തോലന്മാർ ധൃതികൂട്ടുമ്പോൾ, തമ്പുരാൻ എത്രമാത്രം അവരെക്കുറിച്ച് താല്പര്യത്തോടും ഉൽകണ്ഠയോടുമാണ്, 'അവർ വഴിയിൽ വച്ച് തളർന്നു പോകും അവർക്ക് ഭക്ഷിപ്പാൻ കൊടുക്കുവീൻ' എന്ന കല്പിക്കുന്നു (concerned for even the least). അവിടുന്ന് സർവ്വരുടെയും ആത്മശരീരമനസ്സുകളുടെ പരിപൂർണ്ണ പരിപോഷകനാണ്. 'നിന്റെ തലമുടി ഇഴകൾ കൂടി എണ്ണപ്പെട്ടിരിക്കുന്നു, ആകയാൽ ഭയപ്പെടേണ്ട.' അവിടുന്ന് ഒരു കൊച്ചു കുഞ്ഞിനെക്കുറിച്ച് പോലും ശ്രദ്ധാലുവും കരുതൽ ഉള്ളവനുമാണ്. നാം നമ്മേ കരുതുന്നതിനേക്കാൾ അവിടുന്ന് നമ്മേ കരുതുന്നു. ആത്മ രക്ഷമാത്രമല്ല യേശു വിഭാവനം ചെയ്യുന്നത്, മറിച്ച് സമ്പൂർണ്ണ വ്യക്തിത്വ രക്ഷയാണ് എന്നുള്ള പൗരസ്ത്യ ദൈവശാസ്ത്ര ചിന്താഗതി എത്രയോ യാഥാർത്ഥമാണ്. ഈ അനുഭവവും, ബോദ്ധ്യവും ഉറപ്പുമുള്ള ദൈവ പൈതൽ ദൈവകരങ്ങളിൽ സുരക്ഷിതനാണ്. പ്രസിദ്ധമായ മിഷ്യനറി സുവിശേഷീകരണ ശൈലി 'Soup, soap, salvation' ഇതിനോടു ചേർത്ത് ചിന്തിക്കാവുന്നതാണ്.

**C. പ്രായോഗിക ചിന്തകൾ**

1. ജനങ്ങൾ യേശുവിനാൽ രുചിക്കപ്പെട്ടു. അവർ തങ്ങളെത്തന്നെ മറന്നിരുന്നുപോയി. ആരാധനയുടെയും ദൈവസംസർഗ്ഗത്തിന്റെയും രുചി ആസ്വദിക്കാതെ വറും യാന്ത്രിക സംബന്ധമല്ലേ ആരാധനയിലും ദൈവസംസർഗ്ഗത്തിന്റെ വിവിധ മേഖലയിലും നമ്മുടേത്? ചിന്തിക്കുക, ദൈവസംസർഗ്ഗം എത്രയോ ആനന്ദമാണ്.

2. ഉത്തരവാദിത്വത്തിൽ നിന്ന് തെന്നിമാറുവാൻ ശ്രമിക്കുന്ന അപ്പോസ്തോലന്മാരോട് അവിടുന്ന് കല്പിച്ചു 'നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പീൻ' ദൈവം നമ്മേ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ എന്തുമാവട്ടെ, ധൈര്യപൂർവ്വം ഏറ്റെടുത്ത് നിവർത്തിക്കുവാൻ നാം തയ്യാറാകുമ്പോൾ അവിടുന്നു കൂടെയുണ്ട്.

3. ചെറിയതെങ്കിലും പ്രാർത്ഥിച്ച് പങ്കിടുമ്പോൾ എല്ലാവർക്കും സംതൃപ്തിയായി ഈ ദിവ്യതത്വം നമ്മുടെ വ്യക്തി-കുടുംബ-സമൂഹ തലങ്ങളിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുമോ?

4. '50 പേർ വീതമുള്ള പന്തി പന്തികളായി അവരെ ഇരുത്തുവീൻ' എല്ലാറ്റിലും ക്രമവും ചിട്ടയും അടുക്കും (order and discipline) യേശു പുലർത്തിയിരുന്നു. നമ്മുടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഇതെത്രമാത്രം പ്രയോഗവൽക്കരിക്കപ്പെടുന്നു? ചത്തുകിടന്നാലും ചമഞ്ഞ് കിടക്കണം എന്ന പഴമൊഴി ഇതോട് ചേർത്ത് ചിന്തിക്കുന്നത് നന്നായിരിക്കും.

5. 'ഒരു കഷണവും നഷ്ടപ്പെടുത്താതെ മിച്ചമുള്ളത് ശേഖരിക്കുവീൻ' എന്ന കർത്തൃകല്പന പ്രത്യേകം ചിന്തനീയമാണ്. ധൂർത്തിനും, ആഢംബരത്തിനും പൊങ്ങച്ചത്തിനും അവിടുന്നെതിരായിരുന്നു. നാം ധൂർത്തടിച്ചു കളയുന്നതിനും പൊങ്ങച്ചത്തിനും അവിടുന്നെതിരായിരുന്നു. നാം ധൂർത്തടിച്ചു കളയുന്ന സമയവും പണവും സ്രോതസ്സുകളും മറ്റു സാധനങ്ങളും ദൈവ മഹത്വത്തിനും മറ്റുള്ളവരുടെ സഹായത്തിനും ഉപയോഗപ്പെടുത്തുന്നതാണ് ക്രിസ്തീയ തത്വം. അധികപറ്റും ഉപയോഗ ശൂന്യവുമായി ദൈവം സൃഷ്ടിച്ചതിലൊന്നുമില്ല. മനുഷ്യന്റെ വീക്ഷണത്തിലാണ് പലതും അധികപറ്റും ഉപയോഗ ശൂന്യവുമാകുന്നത് എന്നൊരു പ്രായോഗിക പരിസ്ഥിതി ആശയവും ഇതോട് ചേർത്ത് ചിന്തിക്കാവുന്നതാണ്. ❖





ലേഖനം

# ജനവൽക്കരണത്തിന്റെ ദൈവശാസ്ത്രം

ഫാ. വർഗീസ് വർഗീസ് (O.C.Y.M. ജന. സെക്രട്ടറി)



**ആമുഖം**

ദൈവം ജീവിക്കുന്ന ദൈവവും ജീവിക്കുന്നവരുടെ ദൈവവുമാണ്. വാങ്ങിപ്പോയവരും, വരുവാനിരിക്കുന്നവരും, ഇപ്പോൾ ഭൗമിക ചരിത്രത്തിലുള്ളവരുമായ വിശുദ്ധന്മാരുടെ സംഘമാണ് വി. സഭ (വി. സഭ സ്ഥല, കാലങ്ങൾക്ക് അതീതമായ ജീവിക്കുന്ന വിശുദ്ധന്മാരുടെ സംഘമാണ്.) ദൈവം "ഈ വിശുദ്ധ സംഘത്തിന്റേ കേന്ദ്രമായി സദാ പ്രവർത്തന നിരതനായിരിക്കുന്നു." "ദൈവശാസ്ത്രം" രൂപം കൊള്ളുന്നത് (സ്ഥലകാല പരിമിതികൾക്കു അതീതമായ) "ഈ വിശുദ്ധ ജനത്തിന്റെ" ജീവിതാനുഭവ പശ്ചാത്തലത്തിലാണ്. അതുകൊണ്ട് ദൈവശാസ്ത്രത്തിന്റെ പ്രധാന പ്രമേയം ജനവൽക്കരണവും രീതിശാസ്ത്രം (methodology) ജനകീയവും ആകുന്നു. ദൈവജനത്തിൽ നിന്ന്, അവരുടെ ജീവിതാനുഭവങ്ങളിൽനിന്ന് ദൈവശാസ്ത്രം രൂപപ്പെടണം. അല്ലാത്തത് കേവലം ബുദ്ധിയുടെ കസർത്തായി പരിണമിക്കും.

**ജനവൽക്കരണം:**

ജനവൽക്കരണം എന്ന പദത്തിന്റെ വ്യാകരണതലം, ഭാഷാപരമായി വിശദീകരിക്കുക പ്രയാസമാണ്. 'ജനം' എന്ന നാമപദം വിവക്ഷിക്കുന്ന അർത്ഥത്തിലേക്ക് 'ജനം' അല്ലാത്തവരെ ആക്കി തീർക്കുകയാണ് 'ജനവൽക്കരണം' എന്ന പ്രയോഗത്തിലൂടെ വിശദമാകുന്ന ലളിതമായ അർത്ഥം.

'ജനം' എന്ന വാക്കിന് ചരിത്രത്തിൽ ഓരോ കാലഘട്ടത്തിലും വ്യത്യസ്ഥമായ അർത്ഥം ഉണ്ടായിരുന്നു. രാജവാഴ്ചയുടെ ഘട്ടത്തിൽ 'ജനം' എന്ന സംജ്ഞയ്ക്ക് സമൂഹത്തിൽ കാര്യമായ അംഗീകാരം ലഭിക്കാത്ത, സ്ഥാന പദവികളില്ലാത്ത 'മനുഷ്യരുടെ കൂട്ടം' (those persons 'who are not high nobles; not in rank, position) എന്ന അർത്ഥമാണ്. അടിമത്വത്തിന്റേയും, പ്രവാസത്തിന്റേയും, വൈദേശിക ഭരണത്തിന്റേയും പശ്ചാത്തലത്തിൽ, അസംഘടിതരായ, അടിച്ചമർത്തപ്പെട്ട പാരതന്ത്ര്യം അനുഭവിക്കുന്ന "ഒരു കൂട്ടം മനുഷ്യർ" എന്ന അർത്ഥം ദ്യോതിപ്പിച്ചിരുന്നു.

ജനാധിപത്യ ഭരണക്രമത്തിൽ 'ജനം' എന്ന സംജ്ഞയുടെ അർത്ഥം വ്യത്യസ്തമാണ്. അവകാശങ്ങളെക്കുറിച്ച് അവബോധമുള്ള, സംഘടിതവും, അധികാരത്തിന്റെ കേന്ദ്രവും, വ്യവസ്ഥിതിയുടെ ശക്തി ദുർഗ്ഗവുമായ ഒരു കൂട്ടമായിട്ടാണ് 'ജനം' എന്ന സംജ്ഞ വിവക്ഷിക്കപ്പെടുന്നത്. ഇപ്രകാരമുള്ള പശ്ചാത്തലത്തിൽ 'ജനവൽക്കരണം' എന്ന പദം വ്യത്യസ്ത വീക്ഷണത്തിൽ വ്യാഖ്യാനിക്കപ്പെടാം.

... മുമ്പേ നിങ്ങൾ ജനമല്ലാത്തവർ;

> ...ചരിത്രത്തിലെ ദൈവീക ഇടപെടലിലൂടെ പുരുഷാരത്തെ (കെൻശോ or ഒക്ലോസ്) ദൈവജനമാക്കി (ആമോദ് ആലോഹോ; ലാവോസ്) മാറ്റുന്ന പ്രക്രിയയാണ് 'ജനവൽക്കരണത്തിന്റെ' പുതിയ നിയമ അടിസ്ഥാനം. മാർ സേവേറിയോസിന്റെ വാക്കുകളിൽ മനുഷ്യാവതാര (ദബറോനൂസോ) ധർമ്മം വിവരിക്കുന്നതും ഈ അർത്ഥതലത്തിൽ തന്നെയാണ്. "മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കുവാൻ, ദൈവപുത്രൻ മനുഷ്യപുത്രനായി." പൗരസ്ത്യ വേദശാസ്ത്രത്തിൽ ജനവൽക്കരണത്തിന്റെ ദൈവശാസ്ത്ര അടിസ്ഥാനവും മാർ സേവേറിയോസിന്റെ ദർശനമാണ്...

## ADMISSION NOTICE FOR 2006-2007

# SREEDEVI COLLEGE OF NURSING
# &
## SRI RAMANAMAHARSHI COLLEGE OF NURSING

TUMKUR (BANGALORE)

Affiliated to Indian Nursing Council,
Rajiv Gandhi University Nursing Council, Govt. of Karnataka

# AKSHAYA COLLEGE OF NURSING

TUMKUR (BANGALORE)

Affiliated to Indian Nursing Council,
Rajiv Gandhi University Nursing Council, Govt. of Karnataka
(ONLY GIRLS)

1. MSc Nursing 5th Batch
2. B.Sc. Nursing 8th Batch
3. B.Sc. Nursing Post Certificate 6th Batch
4. General Nursing 14th Batch
5. M.P.T. 2nd Batch
6. B.P.T. 8th Batch
7. D.M.L.T 12th Batch

- സ്വന്തമായി ആശുപത്രി
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമായ പ്രത്യേക ഹോസ്റ്റൽ സൗകര്യം
- പ്രഗത്ഭരായ അദ്ധ്യാപകർ
- ബാങ്ക് ലോൺ സൗകര്യം
- ഫീസ് തവണകളാക്കി
- No Donation

അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

**Kerala Contact Address:**
**M.K. Thomaskutty,**
Manapurath (H),
Bank (Jn.), Opp- Lakshmi wood
Mills, Thadiyoor P.O.,
Thiruvalla-689545, Kearala.
Phone: 0469-2655633, 2654377

**Bangalore Contact Address:**
**M.K. Thomaskutty** (warden),
Sreedevi College of Nursing
N. R. Extension
Lingapura Area, Sira Road,
Tumkur-6,
Phone: 9388655633

Provisions are made for students to participate in worship every sunday under the Leadership of St. John's Marthoma Church, R.C. Church and **St. Gregorios Orthodox Church, at Tumkur,** I.P.C. Church at Tumkur.

### 2nd Death Anniversary
### 10.06.2006



## K. M. VARGHESE (JOY)
**Kadamattu House,**
**Neerattupuram**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമവർ വലഭാഗത്തിൽ"

*Inserted by:-* Sorrowing Family

### *For Favours Received*




A Firm Believer
TVM-3





Mariamma Samuel
Kaipattoor

Biju Varghese
Kanjikuzhy

### First Death Anniversary
### 27. 05. 2006



## KURIAN ZACHARIAH (THAMPY)

PUTHENPURACKAL
PIRAVANTHOOR
PATHANAPURAM

**THE MALANKARA SABHA,**
CATHOLICATE OFFICE, KOTTAYAM-686 038

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2006-08*
*Licence No. KL/CR/KTM/WPP-049/2006-08.*
*Licenced to Post Without Pre-payment*

# FATHER MATHEWS COLLEGE OF NURSING

NO. 5/1 H.M.T. MAIN ROAD, BEHIND H.M.T. SPORTS CLUB
JALAHALLI, BANGALORE - 550013

## BSc. NURSING (GIRLS ONLY)

APPROVED BY GOVT. OF KARNATAKA AND RAJIVGANDHI UNIVERSITY OF HEALTH SCIENCE, KNC AND INC (INSPECTION OVER)

## ADMISSION STARTED

**CHAIRMAN**



**VER. REV. V. I. MATHEWS**
**COR-EPISCOPA**

TEL : 080 - 32948062 (COLLEGE)
080 - 28386343 (RES.)
08251 - 265045 (RES.)
09448503026 (MOB.)

**SECRETARY**
**DR. RENJI ISSAC MATHEWS**
TEL : 09341229030

**PRINCIPAL**
**MRS. RENU SUSAN THOMAS**
**MSc. (N)**

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT MAYUR PRINTERS, KOTTAYAM FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-